സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
സംസ്ഥാന കമ്മിറ്റി മുഖപത്രം

**തെരഞ്ഞെടുപ്പ് പതിപ്പ്**

ചീഫ് എഡിറ്റർ : വി.വേണുഗോപാൽ
2019 ഏപ്രിൽ • വാല്യം 46 ലക്കം 1 • പേജ് 16 • വില 10.00 രൂപ

# യൂണിറ്റി

## വികസന രാഷ്ട്രീയത്തിന്റെ വഞ്ചന തിരിച്ചറിയുക

## തൊഴിലില്ലായ്മയും വിലക്കയറ്റവും സൃഷ്ടിക്കുന്ന കുത്തകാനുകൂല നയങ്ങൾക്കും വർഗ്ഗീയ ഭ്രാന്തിനുമെതിരെ ജനകീയ സമര രാഷ്ട്രീയത്തിന് കരുത്തേകുക

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

### എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

**17**-ാമത് ലോക്സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്നു. പ്രഖ്യാപനം വരുന്നതിന് മാസങ്ങൾക്ക് മുമ്പുതന്നെ ദേശീയ, പ്രാദേശിക പാർട്ടികളെല്ലാം വോട്ടർമാരെ വശീകരിക്കുന്നതിനായി വാഗ്ദാനങ്ങൾ കോരിച്ചൊരിഞ്ഞ് തുടങ്ങിയിരുന്നു. അതോടൊപ്പംതന്നെ പരസ്പരം ചെളിവാരിയെറിയുന്ന പതിവ് പരിപാടിയും നടക്കുന്നു.

17, 18, 19 നൂറ്റാണ്ടുകളിൽ, രാജവാഴ്ചയെ കടപുഴക്കി മുതലാളിത്തം രംഗപ്രവേശം ചെയ്യുമ്പോൾ, ശാസ്ത്രീയചിന്ത, ജനാധിപത്യം,

**പാർലമെന്റ് തെരഞ്ഞെടുപ്പിൽ 21 സംസ്ഥാനങ്ങളിലും 2 യൂണിയൻ ടെറിട്ടറികളിലുമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) 119 സീറ്റിൽ മത്സരിക്കുന്നു**

ജനാധിപത്യമൂല്യങ്ങൾ, മതമുക്തമായ മതേതര മാനവവാദം എന്നിവയുടെ കൊടിക്കൂറയും, സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം തുടങ്ങിയ ഉന്നത ആദർശങ്ങളും ഉയർത്തിപ്പിടിക്കുകയും ബൂർഷ്വാ-ജനാധിപത്യ വിപ്ലവം സാക്ഷാത്ക്കരിക്കുകയും ചെയ്തിരുന്നു. മുതലാളിത്തത്തിന്റെ രാഷ്ട്രീയ വ്യവസ്ഥ എന്ന നിലയിൽ ബഹുകക്ഷി പാർലമെന്ററി ജനാധിപത്യവും സ്ഥാപിക്കപ്പെട്ടു. ഭരണകൂടത്തിന്റെ മൂന്ന് ഘടകങ്ങളായ നിയമനിർമ്മാണം, നീതിന്യായം, ഭരണനിർവ്വഹണം എന്നിവയ്ക്കിടയിലുള്ള അധികാരം പങ്കുവയ്ക്കലും അവയുടെ സാപേക്ഷികമായ സ്വയംഭരണവും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു. ആവിർഭാവകാലത്ത് പുരോഗമനസ്വഭാവം പുലർത്തിയിരുന്ന മുതലാളിവർഗ്ഗം ഈ ആദർശങ്ങളെല്ലാം ഒരു പരിധിവരെ നടപ്പിലാക്കിയിരുന്നു. എന്നാൽ, അനിവാര്യമായ ചരിത്ര നിയമപ്രകാരം മുതലാളിത്തം കുത്തകരൂപമെടുക്കുകയും സാമ്രാജ്യത്വഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്തതോടെ അതിന്റെ



ജീർണതയും പിന്തിരിപ്പൻ സ്വഭാവവും പ്രകടമായി. ഒരിക്കൽ അവർ ഉയർത്തിപ്പിടിച്ചിരുന്ന ജനാധിപത്യാവകാശങ്ങളും മൂല്യങ്ങളും കീഴ്‌വഴക്കങ്ങളും തത്വങ്ങളുമൊക്കെ എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലെയും ഭരണാധികാരികൾ ചവിട്ടിമെതിക്കാൻ തുടങ്ങി. ഒരു അസംസ്കൃത വസ്തുവെന്നോണം ജനങ്ങളെ യഥേഷ്ടം ചൂഷണംചെയ്യാനും കൊള്ളയടിക്കാനുമുള്ള കുത്തകകളുടെ അവകാശമായി ജനാധിപത്യാവകാശം ചുരുങ്ങിപ്പോയി. “ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ നടത്തപ്പെടുന്ന, ജനങ്ങളുടെ” ഭരണം എന്നത് “കുത്തകകൾക്കുവേണ്ടി, കുത്തകകളാൽ നടത്തപ്പെടുന്ന, കുത്തകകളുടെ” ചൂഷണ വാഴ്ചയായിത്തീർന്നു. യുക്തിബോധം കെടുത്തുന്നതിനായി മതാന്ധതയോട് സന്ധിചെയ്യുകയും മതഭ്രാന്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പത്രസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, താത്വികമായ സഹിഷ്ണുത തുടങ്ങിയ ജനാധിപത്യ രീതികളൊക്കെ കാറ്റിൽ പറത്തപ്പെട്ടു. പ്രതിപക്ഷശബ്ദം അമർച്ച ചെയ്യപ്പെടുകയും ന്യായമായ പ്രതിഷേധങ്ങളെല്ലാം ക്രൂരമായി അടിച്ചമർത്തപ്പെടുകയും ചെയ്തു. അങ്ങനെ പാർലമെന്ററി ജനാധിപത്യം പാർലമെന്ററി ഫാസിസ്റ്റ് സ്വേച്ഛാധിപത്യമായി അധഃപതിച്ചു. ജനാധിപത്യം വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്ത രൂപത്തിലുള്ള ഫാസിസ്റ്റ് വാഴ്ചയ്ക്ക് വഴിമാറിക്കൊടുത്തു. ‘ബഹുകക്ഷി ജനാധിപത്യം’ ‘ദ്വികക്ഷി ജനാധിപത്യ’മായി ചുരുങ്ങിപ്പോയി.

ഒരു മുതലാളിത്ത-സാമ്രാജ്യത്വ രാജ്യമായ ഇന്ത്യയും ഇതിനൊരപവാദമായില്ല. ജീർണവും പിന്തിരിപ്പനുമായ മുതലാളിത്തത്തിന്റെ എല്ലാ തിന്മകളും ഇവിടെയും നടമാടി. ഇന്ന് തെരഞ്ഞെടുപ്പ് രംഗത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഭരണ മുതലാളിവർഗ്ഗം അവരുടെ രാഷ്ട്രീയ കാര്യസ്ഥന്മാരായി വിശ്വസ്തരായ പാർട്ടികളെ അവതരിപ്പിക്കുന്നു. പണവും കയ്യൂക്കും, മാധ്യമരംഗത്തും ഭരണരംഗത്തുമുള്ള സ്വാധീനവും ഉപയോഗിച്ച് അവരെ അധികാരത്തിലെത്തിക്കുന്നു. ഭരിക്കുന്ന കക്ഷിയുടെ ജനവിരുദ്ധവും മുതലാളിത്താനുകൂലവുമായ നയങ്ങൾമൂലം ജനങ്ങളിൽ അസംതൃപ്തി പടരുകയും ജനങ്ങളിൽനിന്ന് അവർ ഒറ്റപ്പെടുകയും ചെയ്യുമ്പോൾ മുതലാളിവർഗ്ഗം അവരെ മാറ്റി ആ സ്ഥാനത്ത് പുതിയ കാര്യസ്ഥന്മാരെ അവരോധിക്കുന്നു. കാലാകാലങ്ങളിൽ ചടങ്ങുപോലെ തെരഞ്ഞെടുപ്പ് നടത്തി ഗവണ്മെന്റുകളെ മാറ്റുന്ന ഈ കളിയുടെ ഫലമെന്താണ്? സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആയിക്കൊണ്ടിരിക്കുന്നു. രാജ്യത്തെ സമ്പത്തിന്റെ 73 ശതമാനവും ഒരു ശതമാനം അതിസമ്പന്നരുടെ കൈകളിലാണ്. ലോകത്താകെയുള്ള ദരിദ്രരുടെ മൂന്നിലൊന്നും ഇന്ത്യയിലാണ്. പേരിനുപോലും ചികിത്സ കിട്ടാതെ ദിനംപ്രതി ഏതാണ്ട് 4000 പേരാണ് രാജ്യത്ത് മരിക്കുന്നത്. ഫാക്ടറികൾ അടയുകയും ലോക്കൗട്ടും പിരിച്ചുവിടലുമൊക്കെ പെരുകുകയും ചെയ്യുന്നു. സ്ഥിരം തൊഴിലിനുപകരം കരാർ തൊഴിൽ വ്യാപകമാകുന്നു. ചെറുകിട-ഇടത്തരം കച്ചവടക്കാരെ നാശത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ട് കുത്തകകൾ വ്യാപാരരംഗം കയ്യടക്കുന്നു. തൊഴിലില്ലായ്മ ഭീകരരൂപം പൂണ്ടിരിക്കുന്നു. 70 കോടിയാളുകളും തൊഴിൽരഹിതരോ അർദ്ധ തൊഴിലാളികളോ ആണ്. ഉത്തർപ്രദേശിൽ 368 പ്യൂൺ വേക്കൻസിക്ക് അപേക്ഷ അയച്ചത് 23 ലക്ഷം പേരാണ്. അതിൽ പോസ്റ്റ് ഗ്രാജുവേറ്റുകളും ഡോക്ടറേറ്റ് ഉള്ളവരും അനവധിയുണ്ടായിരുന്നു. രാജ്യത്തെ തൊഴിലില്ലായ്മയുടെ ഭീകരത ഇതിൽനിന്നുതന്നെ വ്യക്തമാണ്.

വിളകൾക്ക് ന്യായവില കിട്ടാതെ ദരിദ്രകർഷകർ ആത്മഹത്യ ചെയ്യുകയാണ്. ഇതിനകം മൂന്നര ലക്ഷം കർഷകർ ജീവനൊടുക്കി. കള്ളപ്പണം കണ്ടുകെട്ടാനെന്ന പേരിൽ ചെയ്തത് അതിന് ആക്കം വർദ്ധിപ്പിക്കുന്ന നടപടികളാണ്. ജനങ്ങളുടെ കൈയടി വാങ്ങാനായി ഏതാനും ചെറുകിടക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുമ്പോൾ മുതലാളിവർഗ്ഗത്തിന്റെയും അതിന്റെ ദാസ്യത്തിലുള്ള ഗവണ്മെന്റിന്റെയും ഒത്താശയോടെ വൻസ്രാവുകൾ വൻതോതിൽ കള്ളപ്പണം കുന്നുകൂട്ടുന്നു. സാമ്പത്തികാതിക്രമങ്ങൾ, വിലക്കയറ്റം, ഭിക്ഷാടനം, വേശ്യാവൃത്തി, ബലാൽസംഗം, കൂട്ടബലാൽസംഗം, മയക്കുമരുന്ന് കടത്ത്, പെൺവാണിഭം, ദുരഭിമാനക്കൊല, ആൾക്കൂട്ടക്കൊലപാതകം, തൊഴിൽ തേടി അലയൽ, കുടുംബശൈഥില്യം എന്നിവയൊക്കെ ഭീതിജനകമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രാഥമിക ചികിത്സയും വിദ്യാഭ്യാസവുംപോലും സാധാരണക്കാർക്ക് അപ്രാപ്യമാകുകയാണ്. ജനങ്ങളുടെ ദുരിതങ്ങളും, അവർക്കുമേലുള്ള വഞ്ചനയും നീതിനിഷേധവുമൊക്കെ തുടർന്നുകൊണ്ടേയിരിക്കുന്നു.

തെരഞ്ഞെടുപ്പുകളും ഇന്ന് വെറും തട്ടിപ്പാണ്. അധികാര ദുര മൂത്ത ബൂർഷ്വാ പാർട്ടികൾ വോട്ടുപിടിക്കാനായി, ഇലക്ഷൻ കമ്മീഷന്റെ നിയമങ്ങളും ചട്ടങ്ങളുമൊക്കെ തൃണവൽഗണിച്ച് ഭീമമായ തുകകൾ ചിലവഴിക്കുന്നു. ജനങ്ങളുടെ ദൈന്യതയും രാഷ്ട്രീയമായ അജ്ഞതയും മുതലെടുക്കുന്ന ഇക്കൂട്ടർ, അവരെ പണവും ആനുകൂല്യങ്ങളും നൽകി വിലയ്ക്കെടുക്കുന്നു. കിട്ടുന്നതാകട്ടെ എന്ന് കരുതുന്ന ഈ സാധുക്കൾ എളുപ്പം ഇവരുടെ വലയിൽ വീഴുന്നു. എന്നാൽ അവർ എത്ര വലിയ വഞ്ചനയ്ക്കാണ് ഇരയായതെന്ന് തെരഞ്ഞെടുപ്പ് കഴിയുമ്പോഴേ മനസ്സിലാകൂ. ജനജീവി

**തെരഞ്ഞെടുപ്പുകൾ ഇന്ന് വെറും തട്ടിപ്പാണ്. അധികാര ദുര മൂത്ത ബൂർഷ്വാ പാർട്ടികൾ വോട്ടുപിടിക്കാനായി, ഇലക്ഷൻ കമ്മീഷന്റെ നിയമങ്ങളും ചട്ടങ്ങളുമൊക്കെ തൃണവൽഗണിച്ച് ഭീമമായ തുകകൾ ചിലവഴിക്കുന്നു. ജനങ്ങളുടെ ദൈന്യതയും രാഷ്ട്രീയമായ അജ്ഞതയും മുതലെടുക്കുന്ന ഇക്കൂട്ടർ, അവരെ പണവും ആനുകൂല്യങ്ങളും നൽകി വിലയ്ക്കെടുക്കുന്നു. കിട്ടുന്നതാകട്ടെ എന്ന് കരുതുന്ന ഈ സാധുക്കൾ എളുപ്പം ഇവരുടെ വലയിൽ വീഴുന്നു. എന്നാൽ അവർ എത്ര വലിയ വഞ്ചനയ്ക്കാണ് ഇരയായതെന്ന് തെരഞ്ഞെടുപ്പ് കഴിയുമ്പോഴേ മനസ്സിലാകൂ.**

തം അതോടെ കൂടുതൽ അധഃപതനത്തിലേയ്ക്ക് കൂപ്പുകുത്തുകയായി.

തെരഞ്ഞെടുപ്പ് രംഗത്ത് അണിനിരന്നിട്ടുള്ള ദേശീയ, പ്രാദേശിക പാർട്ടികളെല്ലാം കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ അധികാരം രുചിച്ചിട്ടുള്ളവരാണ്. അഴിമതി ഒരു നാട്ടുനടപ്പും ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയുടെ മുഖമുദ്രയും ആയിരിക്കുമ്പോൾ ഈ പാർട്ടികൾക്കൊന്നും അതിൽനിന്ന് മോചനമില്ല. അവരുടെ എംപിമാരും എംഎൽഎമാരും ജനങ്ങളുടെ പ്രതിനിധികളാണെന്ന് അവകാശപ്പെടുന്നു. കഴിഞ്ഞ ലോക്സഭയിൽ 545ൽ 442 പേർ, അതായത് 82 ശതമാനം കോടീശ്വരന്മാരായിരുന്നു. അതിൽ ഏറ്റവും മുന്തിയ ആളുടെ സ്വത്ത് 683 കോടിയായിരുന്നു. അപ്പോൾ അവർ പ്രതിനിധീകരിക്കുന്നത് ദരിദ്രരും അടിച്ചമർത്തപ്പെടുന്നവരുമായ സാധാരണക്കാരെയോ അതോ ഒരു പിടി വരുന്ന സമ്പന്നന്മാരെയോ? മുമ്പൊക്കെ ജനങ്ങൾ രാഷ്ട്രീയ നേതാക്കളെ ബഹുമാനിച്ചിരുന്നു. എന്നാൽ കയ്പേറിയ അനുഭവംമൂലം ഇന്നവരെ ജനങ്ങൾ വെറുക്കുന്നു.

മതത്തിന് പുരോഗമന സ്വഭാവം ഉണ്ടായിരുന്നപ്പോൾ അത് ഉന്നത വ്യക്തിത്വങ്ങൾക്ക് ജന്മംനൽകി. എന്നാൽ പിന്നീട് രാജാധിപത്യത്തിന് വിടുപണി ചെയ്തതിലൂടെ അത് പിന്തിരിപ്പനായി. അതോടെ അതിന്റെ ധാർമികത നഷ്ടപ്പെട്ടു. ജനാധിപത്യ വിപ്ലവകാലത്ത് ബൂർഷ്വാ മാനവവാദവും സ്വഭാവമഹിമയുള്ള വ്യക്തിത്വങ്ങളെ സൃഷ്ടിച്ചു. നമ്മുടെ സ്വാതന്ത്ര്യസമര സേനാനികൾ ഇത്തരത്തിലുള്ളവരായിരുന്നു. ഇന്ന് മുതലാളിത്തം അഴിമതി നിറഞ്ഞതും ജനവിരുദ്ധവും അധാർമികവും ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ വ്യവസ്ഥയുടെ സേവകരായ നേതാക്കളും, അഴിമതിക്കാരും ആത്മവഞ്ചകരും ജനവഞ്ചകരുമാകാതെ തരമില്ല. അവർ മദ്യക്കച്ചവടവും ലോട്ടറിക്കച്ചവടവും നടത്തുന്നു. സിനിമയിലൂടെയും ടിവിയിലൂടെയും മറ്റും അശ്ലീലതയും രതിവൈകൃതങ്ങളും അധഃപതിച്ച സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നു. മനുഷ്യത്വം തകർത്ത് ജനങ്ങളെ അപമാനവീകരിച്ച് യുവത്വത്തെ നശിപ്പിക്കുക എന്നതാണവരുടെ ലക്ഷ്യം. അതോടെ, പ്രതിഷേധിക്കാനുള്ള ധാർമിക ശേഷി നഷ്ടമാകുന്നു. ഈ യുവാക്കളെ ഇതേ പാർട്ടികൾക്ക് ഗുണ്ടകളായി വിലയ്ക്കെടുക്കുകയും ചെയ്യാം.

ദീർഘകാലം രാജ്യം ഭരിച്ച കോൺഗ്രസ്സ് 'ദാരിദ്ര്യ നിർമ്മാർജ്ജനം', 'സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹം' തുടങ്ങിയ ആകർഷകമായ മുദ്രാവാക്യങ്ങളുയർത്തി ജനങ്ങളെ വഞ്ചിച്ചു. കുത്തകാനുകൂലവും ജനവിരുദ്ധവുമായ നയങ്ങൾ നടപ്പിലാക്കുകയും വൻ അഴിമതികൾ ഒന്നൊന്നായി പുറത്തുവരികയും ചെയ്തതോടെ അവർ ജനങ്ങളുടെ വെറുപ്പിന് ഇരയായി. അപ്പോൾ ഭരണമുതലാളിവർഗ്ഗം ബിജെപിയെ പിന്തുണയ്ക്കുകയും പാർലമെന്ററി രാഷ്ട്രീയരംഗത്ത് ഒരു ബദലായി അവരെ ഉയർത്തിക്കാട്ടുകയും ചെയ്തു. ബിജെപിയും 'നല്ല നാളുകൾ' പോലുള്ള കപട വാഗ്ദാനങ്ങൾ നിരത്തിയാണ് വോട്ടുപിടിച്ചത്. എന്നാൽ അവരുടെ അഞ്ച് വർഷത്തെ ഭരണത്തിൽ സ്ഥിതി കൂടുതൽ വഷളായി. ജനങ്ങളുടെ കഷ്ടപ്പാടുകൾ പല മടങ്ങ് വർദ്ധിച്ചു.

ബിജെപിയുടെ വഴികാട്ടിയായ ആർഎസ്എസ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് തീർത്തും എതിരായിരുന്നു എന്നകാര്യം കൂടി നമ്മൾ ഓർക്കേണ്ടതുണ്ട്. 'ബ്രിട്ടീഷ് വിരുദ്ധ ദേശീയബോധം' ജനങ്ങൾക്ക് ഹിന്ദുരാഷ്ട്ര സങ്കല്പത്തിന്റെ ക്രിയാത്മകവും പ്രചോദനാത്മകവുമായ ഉള്ളടക്കം നിഷേധിച്ചിരിക്കുകയാണെന്ന് ആർഎസ്എസ് ആചാര്യനായ എം.എസ്.ഗോൾവാൾക്കർ വ്യക്തമായി തന്നെ പറഞ്ഞിട്ടുണ്ട്. അതായത്, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ സ്വാതന്ത്ര്യസമരം പ്രതിലോമകരവും, ആദരീയണരായ സ്വാതന്ത്ര്യസമര സേനാനികളും രക്തസാക്ഷികളുമൊക്കെ പിന്തിരപ്പന്മാരും വഞ്ചകരും ദേശഭക്തി ഇല്ലാത്തവരും ആയിരുന്നു. യഥാർത്ഥത്തിൽ ആർഎസ്എസ് ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി പൂർണ സഹകരണത്തിലായിരുന്നു.

മാർക്സിസ്റ്റുകളായ ഞങ്ങൾ ഈശ്വര വിശ്വാസികളല്ല. എന്നാൽ മതപ്രവാചകരെല്ലാം മഹാന്മാരായിരുന്നു എന്നും മതം സമൂഹത്തിൽ പുരോഗമനപരമായ പങ്കുവഹിച്ചിരുന്ന കാലത്ത് അവരെല്ലാം സാമൂഹ്യ നന്മയ്ക്കുവേണ്ടി പൊരുതുകയും അന്നത്തെ ഭരണാധികാരികളുടെ രോഷത്തിന് ഇരയാകുകയും അവരാൽ കൊല ചെയ്യപ്പെടുകയും ഉണ്ടായെന്നും ഞങ്ങൾക്കറിയാം. അവരാരുംതന്നെ മറ്റ് മതങ്ങളോട് ശത്രുത പുലർത്തിയില്ല. എന്നാൽ ഇതിന് നേർ വിപരീതമായാണ് ആർഎസ്എസ്-ബിജെപി പ്രവർത്തിക്കുന്നത്. മതത്തിന്റെ പേരിൽ അവർ വർഗ്ഗീയതയും മതഭ്രാന്തുമാണ് പ്രചരിപ്പിക്കുന്നത്. രാമകൃഷ്ണ പരമഹംസരോ വിവേകാനന്ദനോ ഒന്നും ബാബറി മസ്ജിദ് തകർത്ത് അവിടെ രാമക്ഷേത്രം പണിയാൻ ആഹ്വാനം ചെയ്തിട്ടില്ല. ബാബറി മസ്ജിദ് രാമന്റെ ജന്മസ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നതെന്ന് തുളസീദാസിന്റെ രാമചരിത മാനസത്തിലും പറയുന്നില്ല. രാജീവ്ഗാന്ധി ഭരിക്കുമ്പോഴാണ് ബാബറി മസ്ജിദിന്റെ പൂട്ടുതുറന്നുകൊടുത്ത് രാമപൂജയ്ക്ക് അവസരമൊരുക്കിയത്. വോട്ട് ലക്ഷ്യം

### എസ്‌യുസിഐ(സി) മത്സരിക്കുന്ന സംസ്ഥാനങ്ങളും സീറ്റുകളുടെ എണ്ണവും

| | |
|---|---|
| ആസ്സാം | 6 |
| ആന്ധ്രാ പ്രദേശ് | 2 |
| ആൻഡമാൻ നിക്കോബാർ | 1 |
| ബീഹാർ | 8 |
| ഛത്തീസ്ഗഢ് | 3 |
| ഡൽഹി | 2 |
| ഗുജറാത്ത് | 2 |
| ഹരിയാന | 4 |
| ജാർഘണ്ഡ് | 5 |
| കർണ്ണാടകം | 8 |
| കേരളം | 9 |
| മദ്ധ്യപ്രദേശ് | 3 |
| മഹാരാഷ്ട്ര | 1 |
| ഒഡീഷ | 8 |
| പുതുച്ചേരി | 1 |
| പഞ്ചാബ് | 1 |
| രാജസ്ഥാൻ | 1 |
| തമിഴ്നാട് | 4 |
| തെലങ്കാന | 2 |
| ത്രിപുര | 1 |
| ഉത്തർപ്രദേശ് | 4 |
| ഉത്തരാഘണ്ഡ് | 1 |
| പശ്ചിമ ബംഗാൾ | 42 |
| **ആകെ** | **119** |

വച്ചുള്ള നടപടിയായിരുന്നു അത്. വർഗ്ഗീയവാദികളായ ആർഎസ്എസ്-ബിജെപി അത് ശരിക്ക് മുതലെടുത്തു. രാജ്യവ്യാപകമായ വർഗ്ഗീയ കലാപങ്ങൾക്കാണ് അത് വഴിമരുന്നിട്ടത്. അതുമൂലം അനേകം മനുഷ്യജീവൻ നഷ്ടപ്പെട്ടു, അനേകം കുടുംബങ്ങൾ അനാഥമായി, സ്ത്രീകൾ ബലാൽസംഗത്തിനിരയായി, വർഗ്ഗീയ സ്പർദ്ധയും വിദ്വേഷവും അവിശ്വാസവും

ഇന്ന് ബിജെപി അപകീർത്തിക്കിരയായിരിക്കുന്നതിനാൽ പകരം കോൺഗ്രസ്സിനെ വീണ്ടും അധികാരത്തിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഒരു നാണയത്തിന്റെ തന്നെ രണ്ട് വശങ്ങളാണ് ഇവർ. കോൺഗ്രസ്സ് ഒരിക്കലും മതേതരമായിരുന്നില്ല. സ്വാതന്ത്ര്യ സമരകാലത്ത് അതിന്റെ നേതാക്കൾ പരിഷ്കരണവാദപരമായ പ്രതിപക്ഷനിലപാട് മാ

**ഇന്ന് ഏതാനും സീറ്റുകൾ തരപ്പെടുത്താനായി കോൺഗ്രസ്സിനെ സിപിഐ(എം), സിപിഐ പാർട്ടികൾ മതേതര-ജനാധിപത്യ പാർട്ടിയായി ചിത്രീകരിക്കുന്നു. മുമ്പ്, 1977ൽ ഇതേ സങ്കുചിത താല്പര്യം മുൻനിർത്തിയാണ്, കോൺഗ്രസ്സിന്റെ ഏകാധിപത്യത്തെ എതിർക്കാനെന്ന പേരിൽ, ആർഎസ്സ്എസ്സും ജനസംഘവുമൊക്കെ ഉൾപ്പെട്ട ജനതാ പാർട്ടിയുമായി സിപിഐ(എം) കൈകോർത്തത്. ഇപ്പോഴിതാ ബിജെപിയുടെ വർഗ്ഗീയതയെ ചെറുക്കാനെന്ന പേരിൽ അവർ കോൺഗ്രസ്സുമായി ചങ്ങാത്തംകൂടുന്നു.**

നടമാടി. മുതലാളിത്ത ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുന്നവർ തന്നെയാണ് ഈ കെടുതികളെല്ലാം ഏറ്റുവാങ്ങേണ്ടി വന്നത്. ജനങ്ങൾക്കിടയിൽ ധ്രുവീകരണമുണ്ടാക്കി, വോട്ടുബാങ്കുകൾ സൃഷ്ടിച്ച് തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാനും ചൂഷിത ജനതയുടെ ഐക്യം തകർക്കാനുമുള്ള ആസൂത്രിത നീക്കങ്ങളായിരുന്നു ഇതിനൊക്കെ പിന്നിൽ എന്ന് ആർക്കാണറിയാത്തത്? ഈ നേതാക്കൾ പലപ്പോഴും ജാതി, മത, പ്രാദേശിക വികാരങ്ങൾക്ക് തിരി കൊളുത്തുകയും സംഘർഷങ്ങളുണ്ടാക്കുകയും ചെയ്യാറുണ്ട്. നമ്മുടെ രാജ്യത്തെ ദലിതരും ആദിവാസികളുമൊക്കെ ഇത്തരത്തിൽ പലവിധ അടിച്ചമർത്തലുകൾക്കും ചൂഷണങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുകയാണ്.

ഫാസിസ്റ്റ്വൽക്കരണത്തെ ത്വരിതപ്പെടുത്താനായി ശാസ്ത്രീയ ചിന്താഗതി തകർക്കാനും മതപരമായ അന്ധവിശ്വാസം പ്രോത്സാഹിപ്പിക്കാനുമുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. 'ജീവിതം ദൈവേച്ഛയാൽ നയിക്കപ്പെടുന്നതാണ്' എന്നും കഷ്ടപ്പാടുകളുടെയെല്ലാം കാരണം 'മുജ്ജന്മ പാപങ്ങൾ' ആണെന്നും പണക്കാരുടെ സമ്പത്ത് പെരുകുന്നത് 'ദൈവാനുഗ്രഹം'കൊണ്ട് ആണെന്നും അവർ ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു.

ത്രമാണ് സ്വീകരിച്ചത്. മതചിന്തയെ അവർ പ്രോത്സാഹിപ്പിച്ചു, വിശേഷിച്ച് ഹിന്ദു മതത്തിന് എല്ലാ പരിരക്ഷയും നൽകി. അതുകൊണ്ടാണ് ഒരു ശരിയായ മതേതര മാനവവാദ വീക്ഷണത്തോടെ വികസിക്കേണ്ടിയിരുന്ന ഇന്ത്യൻ ദേശീയബോധം ഒരു ഹിന്ദു മതാധിഷ്ഠിത ദേശീയ ബോധമായി തീർന്നത്. സുഭാഷ് ചന്ദ്ര ബോസ്, ഭഗത്സിംഗ്, രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, പ്രേംചന്ദ്, സുബ്രഹ്മണ്യ ഭാരതി, നസ്രുൾ ഇസ്ലാം എന്നിവർ മാത്രമായിരുന്നു ഇതിന് അപവാദം. കോൺഗ്രസ്സും റൂർക്കേല, ഭഗത്പൂർ, നെല്ലി, ഡൽഹി എന്നിവിടങ്ങളിലൊക്കെ വർഗ്ഗീയ കലാപങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കോൺഗ്രസ്സ് ഇന്ന് ക്ഷേത്ര ദർശനത്തിന്റെ കാര്യത്തിൽ ബിജെപി നേതാക്കളോട് മത്സരിക്കുകയും 'മൃദു ഹിന്ദുത്വ' നിലപാടുകൾ പ്രചരിപ്പിക്കുകയുമാണ്. ഇതേ കോൺഗ്രസ്സാണ് അടിയന്തരാവസ്ഥ അടിച്ചേല്പിച്ചത്. ടാഡ, മിസ, എസ്മ തുടങ്ങി പല കരിനിയമങ്ങളും അവർ അടിച്ചേല്പിച്ചു. പല സമരങ്ങളും ക്രൂരമായി അടിച്ചമർത്തുകയും കർഷകരെയും വിദ്യാർത്ഥികളെയും തൊഴിലാളികളെയുമൊക്കെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്. അതായത് കോൺഗ്രസ്സ് ഒരിക്കലും ഒരു മതേതര-ജനാധിപത്യ പ്രസ്ഥാനമായിരുന്നി

ല്ല എന്നതാണ് സത്യം. ഇന്ന് ഏതാനും പാർലമെന്റ് സീറ്റുകൾ തരപ്പെടുത്താനായി ഈ കോൺഗ്രസ്സിനെ സിപിഐ(എം), സിപിഐ പാർട്ടികൾ മതേതര-ജനാധിപത്യ പാർട്ടിയായി ചിത്രീകരിക്കുന്നു. മുമ്പ്, 1977ൽ ഇതേ സങ്കുചിത താല്പര്യം മുൻനിർത്തിയാണ്, കോൺഗ്രസ്സിന്റെ ഏകാധിപത്യത്തെ എതിർക്കാനെന്ന പേരിൽ, ആർഎസ്സ്എസ്സും ജനസംഘവുമൊക്കെ ഉൾപ്പെട്ട ജനതാ പാർട്ടിയുമായി സിപിഐ(എം) കൈകോർത്തത്. പിന്നീട് വി.പി.സിംഗിനെ പ്രധാനമന്ത്രി പദത്തിലേറ്റാനും ഇവർ ബിജെപിയുമായി സഹകരിച്ചു. ഇപ്പോഴിതാ ബിജെപിയുടെ വർഗ്ഗീയതയെ ചെറുക്കാനെന്ന പേരിൽ അവർ കോൺഗ്രസ്സുമായി ചങ്ങാത്തംകൂടുന്നു. വിപ്ലവ രാഷ്ട്രീയം പോകട്ടെ, ഇടതുപക്ഷ രാഷ്ട്രീയംപോലും ഈ കടുത്ത അവസരവാദ നിലപാടുകളിൽ ദർശിക്കാനാവില്ല.

അസംതൃപ്തരായ ജനങ്ങൾ ഇന്ന് പ്രതിഷേധങ്ങളും സമരങ്ങളുമായി സ്വമേധയാ തെരുവിലിറങ്ങുന്നുണ്ട്. ഈ ജനകീയ മുന്നേറ്റങ്ങൾക്ക് സംഘടിതരൂപവും ശരിയായ ദിശയും പ്രദാനം ചെയ്യുക എന്നത് അടിയന്തര പ്രാധാന്യമുള്ള കർത്തവ്യമായി നമ്മുടെ പാർട്ടി കരുതുന്നു. അതുപോലെതന്നെ, ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങളിന്മേൽ വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തി വികസിപ്പിച്ചെടുക്കേണ്ടതുമുണ്ട്. ഇന്ന് വിവിധ ബൂർഷ്വാ പാർട്ടികൾ പരസ്പര ശത്രുതയോടെയാണ് നിലകൊള്ളുന്നത്. ദേശീയ മൂലധനവും പ്രാദേശിക മൂലധനങ്ങളും തമ്മിൽ രൂക്ഷമായ വൈരുദ്ധ്യം നിലനിൽക്കുന്നുണ്ട്. പല സാമ്പത്തിക, രാഷ്ട്രീയ വിഷയങ്ങളുടെയുംപേരിൽ കുത്തക കുടുംബങ്ങൾക്കിടയിലും ഭിന്നത നിലനിൽക്കുന്നു. ഈ അനുകൂല സാഹചര്യം ആവശ്യപ്പെടുന്നത് ശക്തവും യോജിച്ചതുമായ ഒരു ഇടതുമുന്നേറ്റം ബൂർഷ്വാ അധികാര രാഷ്ട്രീയത്തിന് ബദലായി ഉയർന്നുവരണമെന്നതാണ്. യോജിച്ച വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആ പ്രതീക്ഷയെല്ലാം പൊലിഞ്ഞിരിക്കുന്നു. സിപിഐ

(എം), സിപിഐ പാർട്ടികൾ ഏതാനും സീറ്റുകൾക്കുവേണ്ടി ഇടതുപക്ഷ പോരാട്ടത്തിന്റെ പാത വെടിഞ്ഞ്, നിർലജ്ജം കോൺഗ്രസ്സിന്റെയും മറ്റ് പ്രാദേശിക ബൂർഷ്വാ പ്രസ്ഥാനങ്ങളുടെയും പിന്നാലെ പോകുകയും ഇടതുപക്ഷ രാഷ്ട്രീയത്തെ ഒരിക്കൽക്കൂടി അവമതിക്കുകയും ദുർബ്ബലപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

എസ്‌യുസിഐ(സി) വിവിധ സംസ്ഥാനങ്ങളിൽ, സംഘടനാശേഷിക്കനുസരിച്ച്, ജനങ്ങളുടെ കാതലായ ജീവിത പ്രശ്നങ്ങൾ മുൻനിർത്തിയുള്ള വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. ഈ സമരത്തിന്റെ ഭാഗമായി എസ്‌യുസിഐ(സി) തെരഞ്ഞെടുപ്പിലും മത്സരിക്കുന്നു. ഗവണ്മെന്റ് മാറുന്നതുകൊണ്ടുമാത്രം ദുരിതങ്ങൾക്കൊന്നും പരിഹാരമുണ്ടാകില്ല എന്ന ചരിത്ര സത്യം പാർട്ടി ജനങ്ങൾക്കുമുമ്പാകെ അവതരിപ്പിക്കുന്നു. മുതലാളിത്ത-വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ ചൂഷണത്തിൽനിന്ന് മോചനം നേടാനാകൂ. വിപ്ലവ പ്രക്രിയയെ ത്വരിതപ്പെടുത്താൻ, ശരിയായ ദിശയിൽ, തൊഴിലാളിവർഗ്ഗ വിപ്ലവ പ്രത്യയശാസ്ത്രത്തിന്റെയും ഉന്നതമായ സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ, വർഗ്ഗ-ബഹുജന സമരങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. പാർട്ടിയുടെ ഏതെങ്കിലും സ്ഥാനാർത്ഥി ജയിച്ചാൽ, നിർഭയമായി ജനതാല്പര്യം ഉയർത്തിപ്പിടിക്കുകയും, പാർലമെന്റേതര സമരങ്ങളുടെ ശബ്ദം പാർലമെന്റിൽ മുഴക്കുകയും, അതുവഴി പാർലമെന്ററി സമരങ്ങളെയും പാർലമെന്റേതര സമരങ്ങളെയും ഏകോപിപ്പിക്കുകയും ചെയ്യും. ■

# സംസ്ഥാന രാഷ്ട്രീയ സാഹചര്യം

**കോ**ൺഗ്രസ്സ് ആവിഷ്കരിച്ച നവലിബറൽ സാമ്പത്തിക-രാഷ്ട്രീയ നയങ്ങളാണ് കേന്ദ്രത്തിൽ ബിജെപി പിന്തുടരുന്നതെങ്കിൽ, ഇതേ നയങ്ങൾ തന്നെയാണ് കേരളത്തിൽ എൽഡിഎഫ് സർക്കാരും അനുവർത്തിക്കുന്നത്. പുറമേക്ക് നിലനിർത്തുന്ന പാർലമെന്ററി എതിർപ്പും പരസ്പര മൽസരവും അധികാരപദവികൾക്കുവേണ്ടിയുള്ള കാപട്യങ്ങൾ മാത്രം. നയങ്ങളുടെ കാര്യത്തിൽ ഏതാണ്ട് പൂർണ്ണമായും ഒരേ സമീപനമാണ് ഈ മൂന്നുകൂട്ടരും സ്വീകരിച്ചിട്ടുള്ളത്. കാൽ നൂറ്റാണ്ടിലധികമായി ഏകപക്ഷീയമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങളിൽ ഒന്നെങ്കിലും രാഷ്ട്രീയ എതിരാളികളുടെ എതിർപ്പിന്റെ ഫലമായി പിൻവലിക്കപ്പെട്ടിട്ടുണ്ടോ? ജനങ്ങളെ കബളിപ്പിക്കുന്നതിനായി പ്രതിപക്ഷമാത്രമായ എതിർപ്പിന്റെ റോൾ നിറവേറ്റുമ്പോഴും ഈ നയങ്ങളുടെ പരാജയം അവർ ആഗ്രഹിക്കുന്നില്ല എന്നത് വ്യക്തമാണ്. ഈ എണ്ണമറ്റ ജനവിരുദ്ധ നയങ്ങളിൽ ഒന്നിന്റെയെങ്കിലും പരാജയം ഉറപ്പാക്കത്തക്കവിധം ഒരു എതിർപ്പോ പ്രക്ഷോഭമോ അവർ സംഘടിപ്പിക്കാത്തത് അതിനാലാണ്. ജനങ്ങളുടെ സമക്ഷം നടക്കുന്ന എതിർപ്പ് തികഞ്ഞ നാടകം മാത്രമാണ്.

2016 നവംബർ 8ന് മോദി സർക്കാർ നടപ്പാക്കിയ നോട്ട് നിരോധനത്തെ എതിർക്കാൻ ഒരൊറ്റ രാഷ്ട്രീയ പാർട്ടിയും രംഗത്തുവന്നില്ല. നോട്ട് നിരോധനം ശരിയായ ദിശയിലുള്ള ഒരു നടപടിയാണെന്നും നടപ്പാക്കിയ രീതിയിൽ ചില പിഴവ് ഉണ്ടെന്നും മാത്രമാണ് ഏതാണ്ട് എല്ലാ കക്ഷികളും നിലപാടെടുത്തത്. സപിഐ, സിപിഐ(എം) പാർട്ടികളും കൃത്യമായും ഈ നിലപാടാണ് സ്വീകരിച്ചത്. നിരോധിച്ച നോട്ടുകൾ സ്വീകരിച്ച് പുതിയവ നൽകാൻ സഹകരണബാങ്കുകളെക്കൂടി അധികാരപ്പെടുത്തണമെന്നാണ് അവരാവശ്യപ്പെട്ടത്. മോദി സർക്കാരിന്റെ ജനവിരുദ്ധ ഭരണവാഴ്ച അവസാനിപ്പിക്കാൻപോന്ന ഒന്നായിരുന്നു നോട്ടുനിരോധനത്തിനെതിരെ ഉയർന്നുപൊന്തിയ ജനവികാരം. അതിന് സംഘടിതമായ സമരരൂപം നൽകാൻ ഇൻഡ്യയിലെ ഇടതുകക്ഷികൾ തയ്യാറായില്ല. അമർത്യ സെൻ ഉൾപ്പെടെ ഏതാണ്ട് 70ഓളം സാമ്പത്തിക വിദഗ്ദ്ധരും മാധ്യമ പ്രമുഖരും നോട്ടുനിരോധനത്തെ ശക്തമായി എതിർത്തുകൊണ്ട് രംഗത്തുവന്നു. യോജിച്ച ഒരു ജനകീയ പ്രക്ഷോഭത്തിന്റെ വേദി സൃഷ്ടിക്കപ്പെട്ടിരുന്നെങ്കിൽ അവരുടെ നിരീക്ഷണങ്ങളും വാദഗതികളും ആധാരമാക്കി പ്രക്ഷോഭം മുന്നോട്ടുകുതിക്കുമായിരുന്നു. നോട്ടുനിരോധനത്തെത്തുടർന്ന് കാർഷിക-ചില്ലറ വ്യാപാര-നിർമ്മാണ മേഖലകൾ അസാധാരണമായ പ്രതിസന്ധിയെ നേരിട്ടു. ഒരു ജനകീയ പ്രക്ഷോഭം ഉയർന്നു വന്നിരുന്നെങ്കിൽ അത് ഈ പ്രതിസന്ധിയെ ആകെ പ്രതിനിധാനം ചെയ്ത് വലിയ മുന്നേറ്റമായി വളരുമായിരുന്നു. നോട്ടുനിരോധനത്തിനനുകൂലമായി സർക്കാർ നിരത്തിയ

> **പെട്രോളിന്റെ വില നിർണ്ണയാധികാരം കമ്പനികൾക്കു കൈമാറാൻ യുപിഎ തീരുമാനിച്ചപ്പോൾ എതിർത്ത ബിജെപി, തങ്ങൾ അധികാരത്തിൽ വന്നാൽ ഈ അധികാരം സർക്കാരിലേക്ക് മടക്കിനൽകുമെന്നു പറഞ്ഞു. എന്നാൽ മോദി സർക്കാർ അതു ചെയ്തില്ലെന്നു മാത്രമല്ല, ഡീസലിന്റെ വില നിർണ്ണയാധികാരംകൂടി കമ്പനികൾക്കു കൈമാറുന്നതാണ് നാം കണ്ടത്! എതിർപ്പ് ഒരു നാടകം മാത്രമാണെന്ന് എത്രയോ വ്യക്തമാണ്.**

എല്ലാ വാദങ്ങളും പൊളിഞ്ഞുവീണു. ഇൻഡ്യയുടെ വളർച്ചാനിരക്ക് 1.5 ശതമാനം താഴേക്ക് പതിച്ചു. ഒരു വർഷം പിന്നിട്ടപ്പോൾ നിരോധിച്ച അത്രയും കറൻസി തിരികെ വന്നതായി റിസർവ് ബാങ്ക് പരസ്യ പ്രസ്താവന നടത്താൻ നിർബന്ധിതമായി. അങ്ങിനെ ഈ വിഷയത്തിൽ പൂർണ്ണമായും ഒറ്റപ്പെട്ട സർക്കാരിന് സ്വന്തം തടി രക്ഷിക്കാൻ സാഹചര്യമൊരുക്കിയത് ഇടതുകക്ഷികളുൾപ്പടെയുള്ള പ്രതിപക്ഷത്തിന്റെ വഞ്ചന മൂലമാണ്. ഒരു നയത്തെയും പരാജയപ്പെടുത്തുക എന്നത് ഇവരുടെ ലക്ഷ്യമേയല്ലെന്ന് ഇക്കാര്യങ്ങൾ അടിവരയിടുന്നു. ഇവരിൽ ആരെ അധികാരത്തിലേറ്റിയാലും നയങ്ങളിൽ ഒരു മാറ്റവും ഉണ്ടാകില്ല എന്നത് ഈയൊരൊറ്റ അനുഭ

വത്തിലൂടെ നമുക്ക് വ്യക്തമാണ്.

പെട്രോളിന്റെ വില നിർണ്ണയാധികാരം കമ്പനികൾക്കു കൈമാറാൻ യുപിഎ തീരുമാനിച്ചപ്പോൾ അതിനെ എതിർത്ത ബിജെപി, തങ്ങൾ അധികാരത്തിൽ വന്നാൽ ഈ അധികാരം സർക്കാരിലേക്ക് മടക്കിനൽകുമെന്ന് പറഞ്ഞു. എന്നാൽ മോദി സർക്കാർ അതു ചെയ്തില്ലെന്നു മാത്രമല്ല, ഡീസലിന്റെ വില നിർണ്ണയാധികാരംകൂടി കമ്പനികൾക്ക് കൈമാറുന്നതാണ് നാം കണ്ടത്! എതിർപ്പ് ഒരു നാടകം മാത്രമാണെന്ന് എത്രയോ വ്യക്തമാണ്. പെട്രോളിന്റെ അധിക എക്സൈസ് നികുതി കേന്ദ്രം വേണ്ടെന്നുവച്ചാൽ തങ്ങൾ സംസ്ഥാന നികുതി ഉപേക്ഷിക്കാൻ തയ്യാറാണെന്നാണ് കേരളത്തിന്റെ ധനമന്ത്രി പ്രസ്താവിച്ചത്. കേന്ദ്രം പിൻവലിച്ചില്ലെങ്കിലും തങ്ങൾ ഇടതുപക്ഷമായതുകൊണ്ട് പിൻവലിക്കുമെന്നു പ്രഖ്യാപിക്കാൻ കഴിയാത്തത് ഇരുവരുടെയും നയങ്ങൾ ഒന്നാണെന്നതുകൊണ്ടുമാത്രമാണ്.

കേരളത്തിലെ സിപിഐ(എം) ഭരണത്തിന്റെ അടിസ്ഥാന ഉള്ളടക്കം കേന്ദ്രഭരണത്തിന്റെ സാമ്പത്തിക നയങ്ങൾ തന്നെയാണ്. മനുഷ്യജീവിതാവശ്യകതകളുടെ ഏതുരംഗത്തും മൂലധനനിക്ഷേപം നടത്താൻ കോർപ്പറേറ്റുകൾക്കും വൻകിട കുത്തകകൾക്കും അവസരമൊരുക്കുന്ന ആധുനിക ബിസിനസ്സ് മാനേജുമെന്റാണ് ഇന്ന് ഭരണം. ഈ അടിസ്ഥാന സമീപനമാണ് ബിജെപിയും കോൺഗ്രസ്സും സിപിഐഎമ്മും ഭരണരംഗത്ത് പിന്തുടരുന്നത്. 45 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് നാലുവരിയിൽ ടോൾ പാത പണിയാനുള്ള തീരുമാനം റോഡ് നിർമ്മാണരംഗത്ത് വൻകിടമുതലാളിമാരെ കുടിയിരുത്താനുള്ള പദ്ധതിയാണ്. രാജ്യം മുഴുവൻ ദേശീയ പാതകൾ മുതലാളിമാർ ചുങ്കം പിരിക്കുന്ന റോഡുകളായി മാറിക്കഴിഞ്ഞു. കേരളത്തിലും പൂർത്തിയായ മേഖലകളിലെല്ലാം ദേശീയ പാതയിൽ മുതലാളിമാർ കഴുത്തറപ്പൻ ടോൾ പിരിച്ചുകൊണ്ടിരിക്കുകയാണ്. അവശേഷിക്കുന്ന മേഖലകളിലും ഈ വികസനം നടപ്പാക്കാൻ മോദിയും പിണറായിയും തമ്മിൽ ദൃഢമായ ഐക്യമാണ് കാണുന്നത്. പതിനായിരങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ട് ഈ 'വികസനം' നടപ്പാക്കാൻ പിണറായി ഭരണം കാട്ടുന്ന ആത്മാർത്ഥതയെ കേന്ദ്ര റോഡ് മന്ത്രി നിതിൻ ഗഡ്കരി രണ്ടുതവണ പരസ്യമായി അഭിനന്ദിക്കുകയുണ്ടായി. ഏറ്റവുമൊടുവിൽ തിരുവന്തപുരം വിമാനത്താവളം അദാനിയെ ഏൽപ്പിച്ചുകൊണ്ടുള്ള തീരുമാനത്തിന്റെ കാര്യത്തിലും ഈ ഐക്യം നമുക്ക് കാണാം. രാജ്യമെമ്പാടുമുള്ള വിമാനത്താവളങ്ങളുടെ നടത്തിപ്പ് സ്വകാര്യമുതലാളിമാരെ ഏൽപ്പിക്കുന്ന മോദി ഭരണത്തിന്റെ തീരുമാനത്തോട് സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾക്ക് എതിർപ്പുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് കേരള സർക്കാരിന് ഭൂരിപക്ഷ ഓഹരിയുള്ള സിയാൽ, വിമാനത്താവള നടത്തിപ്പിന്റെ ലേലം വിളിയിൽ പങ്കെടുത്തത്? അദാനിയുടെ വരവിനോട് സിപിഐ(എം) പരസ്യമായ എതിർപ്പിന്റെ ചില സ്വരങ്ങൾ പുറപ്പെടുവിച്ചത് തികഞ്ഞ നാടകം മാത്രമാണ്. തൊട്ടപ്പുറത്ത് വിഴിഞ്ഞം തുറമുഖം വഴി വൻലാഭം ഉണ്ടാക്കാൻ അദാനിക്ക് എല്ലാ സഹായങ്ങളും ഇടതുസർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണെന്ന് നാം കാണണം. കോർപ്പറേറ്റുകളുടെ താൽപ്പര്യസംരക്ഷണത്തിന്റെ കാര്യത്തിൽ ഇവരെല്ലാം ഒരേ തൂവൽപ്പക്ഷികളാണെന്നത് പകൽ പോലെ വ്യക്തമാണ്. എന്തുമാർഗ്ഗം അവലംബിച്ചും സ്വകാര്യമൂലധനനിക്ഷേപത്തിന് വഴിയൊരുക്കലാണ് തങ്ങളുടെ ദൗത്യമെന്ന് വർഷങ്ങൾക്കുമുമ്പുതന്നെ നന്ദിഗ്രാം എപ്പിസോഡ് വഴി സിപിഐ(എം) തെളിയിച്ചതാണ്. കോടതികളിൽ ബോധപൂർവ്വം തോറ്റുകൊടുത്തുകൊണ്ട് കേരളത്തിന്റെ ആയിരക്കണക്കിന് ഏക്കർ വനഭൂമിയും റവന്യു ഭൂമിയും ഹാരിസൺ മലയാളത്തിന് ദാനമായി നൽകിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ കേരള സർക്കാർ. മുമ്പ് യുഡിഎഫ് സർക്കാരും ചെയ്തത് ഇപ്രകാരം തന്നെ.

അതിരൂക്ഷമായ വിലക്കയറ്റത്തിനും വ്യാപാരത്തകർച്ചയ്ക്കും നിമിത്തമായിമാറിയ ചരക്ക്-സേവന നികുതി (ജിഎസ്ടി) നടപ്പാക്കാൻ മോദി ഭരണത്തിന് വിലപ്പെട്ട ഉപദേശങ്ങളും സഹായങ്ങളും നൽകി കൂടെ കേരള സർക്കാരും ഉണ്ടായിരുന്നു. ഹോട്ടൽ ഭക്ഷണം മുതൽ ആക്രി വ്യാപാരം വരെ കനത്ത നികുതിയുടെ പിടിയിലാക്കിയ ജിഎസ്ടി കേരളത്തിലും നടപ്പാക്കി. ഒരൊറ്റ കേന്ദ്രത്തിൽ നികുതി അടച്ച് രാജ്യം മുഴുവൻ വ്യാപാരം നടത്താൻ വൻകിടക്കാർക്ക് അവസരം നൽകുന്നതിനായി നടപ്പാക്കിയ ജിഎസ്ടി എവിടെയും വലിയ തോതിലുള്ള അരാജകത്വം സൃഷ്ടിച്ചിട്ടും ജനങ്ങളോടൊപ്പം നിൽക്കാൻ സിപിഐഎമ്മും കൂട്ടാളികളും തയ്യാറായില്ല. മാത്രവുമല്ല, പ്രളയത്തിന്റെ മറവിൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തി. കുത്തകകൾക്കുവേണ്ടിയുള്ള നയങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും ഇവരാരും തയ്യാറല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

കേരളത്തെ വിഴുങ്ങിയ മഹാപ്രളയം മനുഷ്യനിർമ്മിതമായിരുന്നു എന്ന വാദത്തിന് ബലമേറുമ്പോഴും പ്രളയബാധിതർക്ക് മതിയായ നഷ്ടപരിഹാരം എത്തിക്കുവാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടില്ല. പതിനായിരം രൂപയെന്ന ആശ്വാസധനംപോലും ലഭിച്ചിട്ടില്ലാത്തവർ നിരവധിയുണ്ട്.

കേരളത്തിൽ ഇതിനകം 16 കർഷകരാണ് കടക്കെണിയിൽപ്പെട്ട് ഒരു വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്തത്. ആത്മഹത്യയല്ലാതെ മറ്റൊരു പോംവഴിയുമില്ല എന്ന് കരുതുന്നവരാണ് കർഷകരിൽ ഏറെയും. വായ്പയ്ക്ക് മൊറട്ടോറിയം ഏർപ്പെടു

**കേരളത്തിലെ സിപിഐ(എം) ഭരണത്തിന്റെ അടിസ്ഥാന ഉള്ളടക്കം കേന്ദ്രഭരണത്തിന്റെ സാമ്പത്തിക നയങ്ങൾ തന്നെയാണ്. മനുഷ്യജീവിതാവശ്യകതകളുടെ ഏതുരംഗത്തും മൂലധനനിക്ഷേപം നടത്താൻ കോർപ്പറേറ്റുകൾക്കും വൻകിട കുത്തകകൾക്കും അവസരമൊരുക്കുന്ന ആധുനിക ബിസിനസ്സ് മാനേജുമെന്റാണ് ഇന്ന് ഭരണം. ഈ അടിസ്ഥാന സമീപനമാണ് ബിജെപിയും കോൺഗ്രസ്സും സിപിഐഎമ്മും പിന്തുടരുന്നത്.**

# ലോക്സഭാ തെരഞ്ഞെടുപ്പ്: ജനങ്ങളുടെ ദൗത്യമെന്ത്?

**ലോക്സഭയിലേക്ക് നടന്ന കഴിഞ്ഞ 16 തെരഞ്ഞെടുപ്പുകളിലും ജനങ്ങൾ പരാജയപ്പെട്ടു. ജനവിരുദ്ധർ വിജയിച്ചു. അതിന്റെ ഫലമാണ് നാമിന്ന് അനുഭവിക്കുന്ന എണ്ണിത്തീർക്കാനാവാത്ത ജീവിതദുരിതങ്ങൾ. അതിനാൽ ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ സ്വീകരിക്കേണ്ട നിലപാട് മുൻകാലങ്ങളുടെ ആവർത്തനമാകാൻ പാടില്ല. അഞ്ച് വർഷത്തെ ഭരണത്തിന്റെ നയങ്ങൾ വിശകലന വിധേയമാക്കുന്നതോടൊപ്പം ഈ ദുരിതങ്ങൾ അവസാനിപ്പിക്കാനുള്ള മാർഗ്ഗമെന്തെന്ന് കൃത്യമായി നിർണ്ണയിക്കുകയും വേണം.**

## മോദി സർക്കാരിന്റെ 5 വർഷത്തെ ഭരണം അതിസമ്പന്നർക്ക് അച്ഛേ ദിൻ... ദരിദ്രകോടികൾക്ക് നരകദിനങ്ങൾ

● ക്രൂഡ് ഓയിലിന്റെ ലോകവിപണിയിലെ വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ കുത്തകകമ്പനികൾക്ക് വാരിക്കോരി നൽകി. 16.57 ലക്ഷം കോടി രൂപ ഇതിലൂടെ കുത്തക കമ്പനികൾ ജനങ്ങളിൽ നിന്ന് അധികമായി കവർന്നെടുത്തു. നടുവൊടിക്കുന്ന വിലക്കയറ്റത്തിന് തിരികൊളുത്തിയ പെട്രോളിയം വിലവർദ്ധനവാണ് മോദിവാഴ്ചയുടെ ഏറ്റവും ക്രൂരമായ നടപടി.

● ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനം ലാഭം കർഷകർക്ക് നൽകുമെന്നത് മറ്റെല്ലാ തെരഞ്ഞെടുപ്പ് വാഗ്ദാനം പോലെയും ജലരേഖയായി. മോദി ഭരണത്തിൽ പ്രതിദിനം 43 കർഷകർ ജീവനൊടുക്കി.

● ലോകത്തെ ഏറ്റവും ഉയർന്ന നികുതി നിരക്കായ 28 ശതമാനം ജിഎസ്റ്റി ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിച്ചു. അതിരൂക്ഷമായ വിലക്കയറ്റം സൃഷ്ടിച്ചു. ആക്രി വ്യാപാരം മുതൽ ഹോട്ടൽ ഭക്ഷണം വരെ പുതിയ നികുതിയുടെ പരിധിയിലായി. ചെറുകിട വ്യാപാരമേഖല തകർന്നടിഞ്ഞു.

● തന്ത്രപ്രധാനമായ പ്രതിരോധ മേഖലയുൾപ്പെടെ റെയിൽവേയും മാധ്യമരംഗവുംവരെ വിദേശകുത്തകകൾക്ക് നൂറു ശതമാനവും തുറന്നുകൊടുത്തിരിക്കുന്നു.

● ഡിജിറ്റൽ ഇടപാട് നടത്തുന്ന ഭീമന്മാർക്ക് ചൂഷണത്തിന്റെ പുതിയ മേ

ത്തിയെന്ന് സർക്കാരും ഇല്ലെന്ന് ചീഫ് സെക്രട്ടറിയും തർക്കിക്കുമ്പോൾ ജീവിതം വഴിമുട്ടിനിൽക്കുന്ന അനേകായിരങ്ങളോടുള്ള ക്രൂരമായ പരിഹാസമായി അത് മാറുകയാണ്.

ആഗോളവൽക്കരണത്തിന്റെ വിദ്യാഭ്യാസ പദ്ധതിയായ ഡിപിഇപിയുടെ തുടർച്ചയായി കേന്ദ്രം കൊണ്ടുവന്ന റൂസ ഉൾപ്പടെ എല്ലാ വിദ്യാഭ്യാസ പരിപാടികളും തികഞ്ഞ കൂറോടെ സിപിഐ(എം) സർക്കാർ നടപ്പാക്കി. വിദ്യാഭ്യാസരംഗത്തെ സ്വകാര്യ മൂലധനനിക്ഷേപത്തെയും കോർപ്പറേറ്റ് താൽപ്പര്യങ്ങളെയും എല്ലാ മാർഗ്ഗത്തിലൂടെയും പ്രോൽസാഹിപ്പിക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. കേരളത്തിൽ നിരപരാധികളായ വിദ്യാർത്ഥികളുടെ ചോര, വിദ്യാഭ്യാസ കച്ചവടക്കാരുടെ കരങ്ങളിൽ പുരണ്ടപ്പോൾ, അവർ കുറ്റവാളികളായി പൊതുസമൂഹത്തിന്റെ മുമ്പിൽ നിന്നപ്പോൾ, അവരെ സഹായിക്കുന്ന നിലപാടാണ് കേരളത്തിലെ സർക്കാർ സ്വീകരിച്ചത്. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ തെരുവിലൂടെ വലിച്ചിഴച്ചതും അവരെ സഹായിച്ച എസ്‌യുസിഐ(സി)യുടെ സഖാക്കളെ തുറുങ്കിലടച്ചതും പിണറായി സർക്കാരാണ്. ന്യായമായ ജനാധിപത്യ പ്രതിഷേധങ്ങളോട് ഒരു യഥാർത്ഥ ഇടതു സർക്കാർ കാട്ടേണ്ടുന്ന മഹത്തായ ജനാധിപത്യ സമീപനം പുലർത്തുന്നതിൽ കേരളത്തിലെ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു. മഹിജ നയിച്ച സമരത്തോടുമാത്രമല്ല എല്ലാ ജനകീയ സമരങ്ങളോടും സ്വീകരിച്ചത് ഇതേ സമീപനം തന്നെയാണ്.

ബിജെപിയുടെ ഭരണം വ്യത്യസ്ത സംസ്ഥാനങ്ങളിൽ തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതി. രാജസ്ഥാനിലും ഗുജറാത്തിലും 300ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ എല്ലാത്തരം തൊഴിലവകാശങ്ങൾക്കും പുറത്തായി. പെൻഷൻ ഫണ്ട് സ്വകാര്യഭീമന്മാർക്ക് തീറെഴുതി. ഇതേ തൊഴിലാളി വിരുദ്ധ സമീപനം തന്നെയാണ് കേരളത്തിലും നാം കാണുന്നത്. കേരളത്തിലെ തൊഴിലന്തരീക്ഷത്തെ സംബന്ധിച്ചുള്ള 'തെറ്റിദ്ധാരണ' മാറ്റുന്നതിനു വേണ്ടി എന്ന പേരിൽ സംഘടിത പ്രവർത്തനങ്ങളെ നിശബ്ദമാക്കുന്നു. നോക്കുകൂലിയെ എതിർക്കുന്നുവെന്ന മറയിൽ പിണറായി ഭരണം തൊഴിലാളികളുടെ സംഘടിതപ്രവർത്തനത്തെ ഭീഷണിപ്പെടുത്തി. അമിതമായ കൂലി വാങ്ങരുതെന്ന് തൊഴിലാളികളെ ഉദ്ബോധിപ്പിച്ചു. രണ്ട് പതിറ്റാണ്ടിലേറെ കെഎസ്ആർടിസിയിൽ പണിയെടുത്തിരുന്ന നാലായിരം എംപാനൽ ജീവനക്കാരെ തെരുവിൽത്തള്ളി. സ്ഥിരനിയമനം നടത്തണമെന്ന് സുപ്രീം കോടതി വിധി ഉണ്ടായിട്ടും കെഎസ്ഇബിയിലെ ആയിരക്കണക്കിന് കരാർതൊഴിലാളികളെ നിയമിക്കാൻ ഇപ്പോഴും സർക്കാർ തയ്യാറായിട്ടില്ല.

ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളെയും നടപടികളെയും വിലയിരുത്തിയും ഭാവിയിൽ വളർന്നുവരേണ്ട വമ്പിച്ച പ്രക്ഷോഭങ്ങളെ മുന്നിൽകണ്ടും ഈ തെരഞ്ഞെടുപ്പിൽ പങ്കാളികളാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

ഖല തുറന്നുകൊടുക്കുന്നതിനും ബാങ്കുകളുടെ മൂലധനശേഖരം ബലപ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുന്നതിനുമായി സ്വേച്ഛാധിപത്യപരമായി നടപ്പാക്കിയ നോട്ട് നിരോധനം രാജ്യത്തിന്റെ കാർഷിക-നിർമ്മാണ-വ്യാപാര മേഖലകളെ തകർത്തു. വളർച്ചാ നിരക്ക് 1.5 ശതമാനം താഴേക്ക് പതിച്ചു. നോട്ട് നിരോധനം ഏൽപ്പിച്ച ആഘാതത്തിൽനിന്നും രാജ്യത്തിന് മുക്തമാകാൻ ഇന്നും കഴിഞ്ഞിട്ടില്ല. കള്ളപ്പണക്കാരുടെ സമ്പാദ്യത്തിന് ഒരു പോറലുപോലുമുണ്ടായതുമില്ല.

● മോദി ഭരണകാലത്ത് രാജ്യത്തിന്റെ പൊതുകടം 51.7 ശതമാനം വർദ്ധിച്ച് 82 ലക്ഷം കോടിയായി ഉയർന്നു. ഓരോ ഇൻഡ്യൻ പൗരനും 63,000 രൂപയുടെ കടക്കാരനായി മാറി. ധനക്കമ്മി 114.8 ശതമാനം വർദ്ധിച്ചു.

● കഴിഞ്ഞ 45 വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മനിരക്കായ 7.4 ശതമാനത്തെയാണ് രാജ്യം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. 2018ൽ മാത്രം ഒരു കോടി 10 ലക്ഷം പേർക്ക് തൊഴിലില്ലാതായി.

● അതിസമ്പന്നരുടെ സമ്പാദ്യം കണ്ണഞ്ചിപ്പിക്കുന്ന വേഗതയിൽ പെരുകുന്നു. 2017-ൽ ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനത്തിന്റെ സമ്പത്ത് 20.9 ലക്ഷം കോടിയാണ് വർദ്ധിച്ചത്. അംബാനിയുടെ മൂന്നുമാസത്തെ അറ്റാദായം 10,000 കോടിയായി ഉയർന്നു.

● നിയമവാഴ്ച ഇത്രമേൽ ചോദ്യം ചെയ്യപ്പെട്ട സാഹചര്യം ഇതിനുമുമ്പ് സൃഷ്ടിക്കപ്പെട്ടിട്ടില്ല. പശുവിന്റെ പേരിൽ 36 പേർ കൊലചെയ്യപ്പെട്ടു. സ്വതന്ത്രചിന്തകരും സാംസ്കാരികവ്യക്തിത്വങ്ങളും ഒന്നൊന്നായി തോക്കിന്നിരയായി. രാജ്യമെമ്പാടും ന്യൂനപക്ഷങ്ങളും ദലിത് ജനവിഭാഗങ്ങളും ആക്രമിക്കപ്പെട്ടു. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി നാലു സുപ്രീം കോടതി ജഡ്ജിമാർ പത്രസമ്മേളനം നടത്തി നിയമവ്യവസ്ഥയുടെ സ്വതന്ത്രനടത്തിപ്പിന്റെ പ്രതിസന്ധി ചൂണ്ടിക്കാട്ടി.

● മഹാഭൂരിപക്ഷം വരുന്ന ദരിദ്രരുടെ റേഷനും പാചകവാതക സബ്സിഡിയും, ചികിൽസയ്ക്കും വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമുള്ള ബജറ്റ് വിഹിതവും വെട്ടിക്കുറച്ചു. യുപിയിൽ ഓക്സിജൻ ലഭിക്കാതെ 64 കുട്ടികൾ മരിക്കാനിടയായത് ഈ നയങ്ങളുടെ ഫലമായാണ്.

● രാജ്യത്തെ വൻകിട മുതലാളിമാർ ബിജെപി ഭരണത്തിൽ നേടിയിരിക്കുന്ന അനർഹമായ എല്ലാ നേട്ടങ്ങളും ഇളവുകളും കടമെഴുതിത്തള്ളലും മോദി-വ്യവസായി കൂട്ടുകെട്ടിന്റെ മുൻകൈയിൽ നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതിയുടെ പ്രതിഫലനങ്ങളാണ്.

**നീതി നഷേധിക്കപ്പെടുന്ന, ജീവിതയാതനകൾ അനുഭവിക്കുന്ന, അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുന്ന, പിന്നാമ്പുറങ്ങളിലേക്ക് നിർദ്ദാക്ഷിണ്യം തള്ളപ്പെടുന്ന, നിസ്സഹായരായ ജനങ്ങളോടൊപ്പമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). ഈ പ്രസ്ഥാനത്തിന് ലഭിക്കുന്ന ഓരോ വോട്ടും തീർത്തും സാധാരണക്കാരായ ജനങ്ങളുടെ ദുരിതങ്ങൾ അവസാനിപ്പിക്കാൻ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള പിന്തുണയാണ്.**

## ബിജെപി നടപ്പിലാക്കുന്നത് കോൺഗ്രസ്സിന്റെ നയങ്ങൾ

ജനജീവിതത്തെ ഇത്രമേൽ തകർത്തത് കുത്തക മുതലാളിമാർക്കുവേണ്ടിയുള്ള നയങ്ങളാണ്. കോൺഗ്രസ്സ് രണ്ടര പതിറ്റാണ്ട് നടപ്പാക്കിയ നയങ്ങൾ കൂടുതൽ ഊർജ്ജിതമായി ബിജെപി സർക്കാർ നടപ്പാക്കിയതിന്റെ വിനാശങ്ങളാണ് ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. രാഹുൽ ഗാന്ധിയെയും കോൺഗ്രസ്സിനെയും ഉയർത്തിക്കാട്ടി മോദി ഭരണത്തിലുള്ള അസംതൃപ്തിയെ മറികടക്കാൻ മുതലാളിവർഗ്ഗം ദ്വികക്ഷി സമ്പ്രദായത്തിന്റെ തന്ത്രം പരീക്ഷിക്കുകയാണ്. മോദി മാറി രാഹുൽ വന്നാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളേയല്ല ഇവയൊന്നും.

കാരണം അടിസ്ഥാനപരമായി ഈ നയങ്ങൾ കോൺഗ്രസ്സിന്റേതു മാത്രമല്ല, ചെറുതും വലുതുമായ എല്ലാ മുതലാളിത്ത പാർട്ടികളുടേതുമാണ്. ആര് അധികാരത്തിൽ വന്നാലും ഈ നയങ്ങൾ തന്നെ പിന്തുടരും. ജനങ്ങളുടെ ദുരിതങ്ങളും തുടരും. നയങ്ങൾക്കെതിരായ ജനകീയശക്തി സമാഹരിക്കാൻ ഈ തെരഞ്ഞെടുപ്പിൽ എത്ര സാധ്യമാകുമോ അത്രകണ്ട് ജനതാൽപ്പര്യം സംരക്ഷിക്കപ്പെടും.

## ബിജെപിയെ നേരിടാൻ സിപിഐ(എം) രാഷ്ട്രീയത്തിന് സാധിക്കില്ല

'ബിജെപിയെ നേരിടാൻ ഇടതുപക്ഷ'മെന്നാണ് സിപിഐ(എം) പ്രചാരണം. ഇരുപാർട്ടികളുടെയും പ്രവർത്തകർ പരസ്പരം വെട്ടിക്കൊല്ലുന്നത് നേരിടലല്ല. സംസ്ഥാനത്ത് ഈ നയങ്ങൾ സമ്പൂർണ്ണമായും തള്ളിക്കളയുകയാണ് സിപിഐ(എം) ചെയ്യേണ്ടത്. ഈ കടമ ഇന്ന് സിപിഐഎമ്മും കൂട്ടാളികളും നിർവ്വഹിക്കുന്നില്ല. അധികാരത്തിലിരുന്നുകൊണ്ട് സിപിഐ(എം) നടപ്പാക്കുന്നതത്രയും ബിജെപിയുടെ നയങ്ങളാണ്.

● ചരക്ക്-സേവന നികുതി (GST) എന്ന കുത്തിക്കവർച്ച ബിജെപി അടിച്ചേൽപ്പിച്ചു. സംസ്ഥാനത്ത് അത് ഫലപ്രദമായി സിപിഐ(എം) മുന്നണി നടപ്പാക്കി.

● രാജ്യത്തെ തകർത്ത നോട്ട് നിരോധനത്തെ സിപിഐ(എം) മുന്നണി സ്വാഗതം ചെയ്തു. സഹകരണമേഖലയിൽ നോട്ട് കൈമാറാനുള്ള അനുവാദം നൽകണമെന്നതുമാത്രമായിരുന്നു ഇക്കൂട്ടരുടെ ആവശ്യം.

● കേന്ദ്രസർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എക്സൈസ് നികുതി വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. പിണറായി സർക്കാരാകട്ടെ സംസ്ഥാനത്തിന്റെ വിൽപ്പന നികുതി കുത്തനെ കൂട്ടിക്കൊണ്ടേയിരുന്നു.

● മോദി ഭരണം തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതി. പെൻഷൻ ഫണ്ട് സ്വകാര്യഭീമന്മാർക്ക് തീറെഴുതി. നോക്കുകൂലിയെ എതിർക്കുന്നുവെന്ന മറയിൽ പിണറായി ഭരണം തൊഴിലാളികളുടെ സംഘടിതപ്രവർത്തനത്തെ ഭീഷണിപ്പെടുത്തി. അമിതമായ കൂലി വാങ്ങരുതെന്ന് തൊഴിലാളികളെ ഉദ്ബോധിപ്പിച്ചു. രണ്ട് പതിറ്റാണ്ടിലേറെ കെഎസ്ആർടിസിയിൽ പണിയെടുത്തിരുന്ന നാലായിരം എം.പാനൽ ജീവനക്കാരെ തെരുവിൽത്തള്ളി. സ്ഥിരനിയമനം നടത്തണമെന്ന് സുപ്രീം കോടതി വിധി ഉണ്ടായിട്ടും കെ.എസ്.ഇ.ബിയിലെ ആയിരക്കണക്കിന് കരാർത്തൊഴിലാളികളെ ഇപ്പോഴും

നിയമിച്ചിട്ടില്ല.

● ദേശീയ പാതയ്ക്ക് 45 മീറ്റർ സ്ഥലമെടുത്ത് 30 മീറ്ററിൽ നാലുവരി പാത പണിത് ടോൾ പിരിക്കണമെന്ന് കേന്ദ്ര ബിജെപി ഭരണം. ലക്ഷങ്ങളെ കുടിയൊഴിപ്പിച്ചിട്ടായാലും കേന്ദ്രത്തിന്റെ ഈ 'വികസനം' നടപ്പാക്കുമെന്ന് പിണറായി സർക്കാർ. പ്രത്യുപകാരമെന്ന നിലയിൽ നിതിൻ ഗഡ്കരിയുടെ അഭിനന്ദനം.

## കോർപ്പറേറ്റുകൾക്കുവേണ്ടി നടപ്പാക്കുന്ന ജനദ്രോഹ സാമ്പത്തിക – രാഷ്ട്രീയ നയങ്ങളുടെ പരാജയം ഉറപ്പാക്കുംവിധം ശക്തമായ ജനകീയ സമരം പടുത്തുയർത്തിക്കൊണ്ട് മാത്രമെ ബിജെപിയെ നേരിടാനാവൂ

അത്തരമൊരു ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയം സിപിഐഎമ്മും കൂട്ടാളികളും കൈവെടിഞ്ഞിരിക്കുന്നു. നോട്ട് നിരോധനത്തിന്റെ വേളയിൽ രാജ്യമെമ്പാടും ഇരമ്പിയ ജനകീയ പ്രതിഷേധത്തിന് സംഘടിതമായ സമരരൂപം നൽകുന്നതിന് പരിശ്രമിച്ചില്ലെന്നു മാത്രമല്ല നോട്ട് നിരോധനത്തെ സ്വാഗതം ചെയ്തുകൊണ്ട് ജനങ്ങളെ ചതിക്കുകയും ചെയ്തു ഇക്കൂട്ടർ.

മോദിയുടെ ദുർഭരണത്തിനെതിരെ ഒരു വലിയ ജനകീയമുന്നേറ്റം പടുത്തുയർത്താനുള്ള അസാധാരണമായ അവസരത്തെ നഷ്ടപ്പെടുത്തിയ ഇവർ എവിടെയാണ് ബിജെപിയെ നേരിടുന്നത്? തെരഞ്ഞെടുപ്പിന്റെ വേദിയെ ബിജെപിയുടെ നയങ്ങൾക്കെതിരായ തത്വാധിഷ്ഠിതമായ സമരത്തിന്റെ വേദിയാക്കുന്നതിനുപകരം ഏതാനും സീറ്റുകൾ നേടുക എന്ന സങ്കുചിതമായ ലക്ഷ്യം നിറവേറ്റുന്നതിനായി കോൺഗ്രസ്സുമായിപോലും നാണംകെട്ടനിലയിൽ തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കുകയാണ് ഇവർ. അങ്ങനെ യഥാർത്ഥജനകീയ സമരത്തെ ഇക്കൂട്ടർ അപകടകരമാംവിധം ദുർബ്ബലപ്പെടുത്തുന്നു.

## യഥാർത്ഥ പ്രക്ഷോഭത്തിന്റെ ശക്തിയായ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)നെ വിജയിപ്പിക്കുക

പാർലമെന്ററി രാഷ്ട്രീയ ചിത്രത്തിലെ പദവികൊണ്ടല്ല എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നത്. ന്യായമായ ജനകീയ സമരങ്ങളുടെ സംഘാടകരെന്ന നിലയിൽ, നേതൃത്വമെന്ന നിലയിൽ, ശക്തമായ പിന്തുണയേകുന്ന പ്രസ്ഥാനമെന്ന നിലയിലൊക്കെയാണ് ഈ പാർട്ടി ജനഹൃദയങ്ങളിൽ മുദ്ര പതിപ്പിച്ചിട്ടുള്ളത്. മോദി വാഴ്ചയുടെ ജനവിരുദ്ധ-തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി നടന്ന ദ്വിദിന പണിമുടക്കിന്റെ സംഘാടകരായിരുന്നു ഈ പാർട്ടിയുടെ പ്രവർത്തകർ.

കഴിഞ്ഞ ഒരു ദശാബ്ദമായി സംസ്ഥാനത്തിന്റെ തീരദേശ ജില്ലകളിൽ ചുങ്കപ്പാതയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന പതിനായിരങ്ങളുടെ പ്രക്ഷോഭത്തിന്റെ സംഘാടകരായി, വിശ്വസ്ത നേതൃത്വമായി വിശ്രമരഹിതമായി പ്രവർത്തിക്കുകയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). ഈ വാക്കുകൾ കുറിക്കുമ്പോൾ കോട്ടയം–പത്തനംതിട്ട ജില്ലകളിലായി നടക്കുന്ന പൊന്തൻപുഴ സമരത്തിന് സാധ്യമാകുന്ന മുഴുവൻ പിന്തുണയും നൽകി നിരന്തരമായ പ്രവർത്തനങ്ങളിലാണ് നമ്മുടെ പാർട്ടി. പത്തനംതിട്ട ജില്ലയിൽ ആറന്മുളയിൽ മിച്ചഭൂമിയ്ക്കുവേണ്ടി സമരം ചെയ്യുന്ന നിർധനരോടൊപ്പമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്).

പാർട്ടിയുടെ തൊഴിലാളി സംഘടനയായ എഐയുടിയുസി നയിച്ച കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികളുടെ സമരം വിജയപരിസമാപ്തിയിലെത്തിയത് ഏതാനും ദിവസങ്ങൾക്കുമുമ്പാണ്. സ്ഥിരനിയമനം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 25 വർഷമായി വൈദ്യുതി ബോർഡിലെ കരാർ തൊഴിലാളികൾ നടത്തുന്ന സമരത്തെ നയിച്ച് വിജയത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നത് ഈ പ്രസ്ഥാനത്തിന്റെ ട്രേഡ് യൂണിയൻ പ്രവർത്തകരാണ്. ആത്മഹത്യ ചെയ്യുകയല്ല, ആത്മാഭിമാനത്തോടെ പൊരുതുകയാണ് വേണ്ടത് എന്ന മുദ്രാവാക്യമുയർത്തി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സഖാക്കൾ ഇടുക്കിയിലും വയനാട്ടിലും കർഷകരുടെ പ്രതിരോധ പ്രസ്ഥാനം പടുത്തുയർത്താൻ പരിശ്രമിക്കുകയാണ്. സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരാൽ കൊലചെയ്യപ്പെട്ട ജിഷ്ണു പ്രണോയിയുടെ മാതാവിന്റെ സമരത്തെ സഹായിച്ചതിന്റെ പേരിൽ തുറുങ്കിലടയ്ക്കപ്പെട്ടത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സഖാക്കളാണ്.

നീതി നഷേധിക്കപ്പെടുന്ന, ജിവിതയാതനകൾ അനുഭവിക്കുന്ന, അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുന്ന, പിന്നാമ്പുറങ്ങളിലേക്ക് നിർദ്ദാക്ഷിണ്യം തള്ളപ്പെടുന്ന, നിസ്സഹായരായ ജനങ്ങളോടൊപ്പമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). വിളപ്പിൽശാലയിൽ, വിഴിഞ്ഞത്ത്, മൂലമ്പള്ളിയിൽ, കരിമണൽ ഖനന തീരത്ത്, ചെങ്ങറയിൽ എവിടെയും ജനങ്ങളോടൊപ്പമാണ് ഈ പാർട്ടി. വിദ്യാഭ്യാസ സംരക്ഷണ പ്രക്ഷോഭത്തിൽ, നഴ്സുമാരുടെ അവകാശപ്പോരാട്ടരംഗത്ത്, പരിസ്ഥിതി സംരക്ഷണ സമരത്തിൽ എവിടെയും ജനങ്ങളോടൊപ്പമാണ് ഈ പാർട്ടി. ഈ പ്രസ്ഥാനത്തിന് ലഭിക്കുന്ന ഓരോ വോട്ടും തീർത്തും സാധാരണക്കാരായ ജനങ്ങളുടെ ദുരിതങ്ങൾ അവസാനിപ്പിക്കാൻ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള പിന്തുണയാണ്. നിസ്വാർത്ഥമായ പൊതുപ്രവർത്തനത്തെ ജീവിതചര്യയായി സ്വീകരിച്ചിട്ടുള്ള പ്രസ്ഥാനമെന്ന നിലയിലാണ് ഈ പാർട്ടി ആദരവ് നേടുന്നത്.

21 സംസ്ഥാനങ്ങളിലും 2 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 119 മണ്ഡലങ്ങളിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ട്. കേരളത്തിൽ 9 മണ്ഡലങ്ങളിൽ മത്സരിക്കുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉയർത്തിപ്പിടിക്കുന്ന പ്രബുദ്ധമായ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തിന് വോട്ടു നൽകുന്നതോടൊപ്പം ജനങ്ങൾക്കിടയിൽ ഈ രാഷ്ട്രീയ സന്ദേശത്തിന്റെ പ്രചാരകരാകണമെന്നും വിനയപൂർവ്വം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികൾ

## എസ്. മിനി

**തിരുവനന്തപുരം**



**വീ**റുറ്റ ജനകീയ സമരങ്ങളുടെ തീഷ്ണമായ പാതയിലൂടെ കടന്നുവന്ന സഖാവ് എസ്.മിനിയാണ് തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സ്ഥാനാർത്ഥി.

പാർട്ടിയുടെ തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയംഗവും വനിതാ വിഭാഗമായ എഐഎംഎസ്എസ് ജില്ലാപ്രസിഡന്റുമാണ് സഖാവ് എസ്.മിനി. വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ പ്രക്ഷോഭ വേദിയായ ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ(ഐഎൻപിഎ) സംസ്ഥാന സെക്രട്ടറി, ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി, മദ്യവിരുദ്ധ ജനകീയ സമരസമിതി സംഘാടക, സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എന്നീ നിലകളിലും സഖാവ് നേതൃത്വപരമായ പ്രവർത്തനം നടത്തുന്നു. സങ്കുചിത കക്ഷിരാഷ്ട്രീയ, ജാതി-മത, പരിഗണനകൾക്കതീതമായി ജനങ്ങളെ ഒറ്റക്കെട്ടായി അണിനിരത്തി വിജയിപ്പിച്ച, മാതൃകാപരമായ വിളപ്പിൽശാല ജനകീയ സമരത്തിന് വീറുറ്റ നേതൃത്വം നൽകിയവരിലൊരാളുമാണ് സഖാവ് മിനി. വനിതകൾ നിർണ്ണായകമായ ശക്തിയായി മാറിയ ആ സമരത്തിൽ സഖാവ് മിനി നിസ്തുലമായ പങ്ക് വഹിച്ചു.

സ്വാശ്രയ വിദ്യാഭ്യാസ മാഫിയ ജിഷ്ണു പ്രണോയിയെ വകവരുത്തിയതിനെതിരെ ജിഷ്ണുവിന്റെ അമ്മ നടത്തിയ സമരത്തെ സഹായിച്ചതിന് സഖാവ് എസ്.മിനിയെ പോലീസ് അറസ്റ്റ്ചെയ്ത് തുറുങ്കിലടച്ചു. പിണറായി വിജയൻ സർക്കാരിന്റെ അത്യന്തം ജനാധിപത്യവിരുദ്ധമായ ഈ നടപടിക്കെതിരെ കേരളമൊന്നാകെ പ്രതിഷേധിച്ചതിനെ തുടർന്നായിരുന്നു സഖാവ് മിനിയെ തടങ്കലിൽനിന്ന് വിട്ടത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കാലത്ത് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ആരംഭിച്ചത് മുതലുള്ള രണ്ടു പതിറ്റാണ്ടിലേറെക്കാലമായി സജീവ രാഷ്ട്രീയ പ്രവർത്തനത്തിൽ മുഴുകി സദാ ജനങ്ങളോടൊപ്പമുള്ള സഖാവ് എസ്.മിനിയാണ് തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തെ പ്രതിനിധീകരിക്കാൻ സർവ്വഥായോഗ്യ. ■




**തുച്ഛമായ പ്രതിഫലത്തിന് കഠിനാധ്വാനം ചെയ്യേണ്ടിവരുന്ന ആശ വർക്കർമാരുടെ സമരത്തിന് സെക്രട്ടേറിയറ്റ് നടയിൽ നേതൃത്വം നൽകുന്ന സഖാവ് എസ്.മിനി**

## ട്വിങ്കിൾ പ്രഭാകരൻ

**കൊല്ലം**



**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ കമ്മിറ്റിയംഗവും അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറിയുമായ സഖാവ് ടിങ്കിൾ പ്രഭാകരനാണ് കൊല്ലം പാർലമെന്റ് നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥി.

കോളജ് വിദ്യാർത്ഥിയായിരിക്കെ പാർട്ടിയുമായി ബന്ധപ്പെട്ട സഖാവ് ടിങ്കിൾ തുടർന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സംഘാടകയും മുഴുവൻ സമയ പ്രവർത്തകയു



**കൊല്ലം കാഷ്യു കോർപ്പറേഷൻ ഓഫീസിന് മുമ്പിൽ കശുവണ്ടി തൊഴിലാളികൾ നടത്തിയ വിജയംവരിച്ച ത്രിദിന സത്യാഗ്രഹ സമരം നയിച്ചുകൊണ്ട് സഖാവ് ടിങ്കിൾ പ്രഭാകരൻ**

മായി മാറി. സഖാവ് ടിങ്കിൾ കൊല്ലത്തെ നിരവധിയായ സമരപ്രസ്ഥാനങ്ങളുടെ അമരക്കാരിയാണ്. മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ കൊല്ലം ജില്ലാ കമ്മിറ്റിയംഗം, സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന കമ്മിറ്റിയംഗം, വായ്പയെടുത്ത് കടക്കെണിയിലായ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പ്രസ്ഥാനമായ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ(ഐഎൻപിഎ) ജില്ലാ കമ്മിറ്റിയംഗം തുടങ്ങിയ ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചുവരുന്നു. കശുവണ്ടി തൊഴിലാളി സമരങ്ങളിലും കടലോര ജനതയുടെ നിലനിൽപ്പിനായുള്ള പോരാട്ടങ്ങളിലും ദീർഘകാലമായി സഖാവ് ടിങ്കിൾ സഹകരിച്ചുവരുന്നു. സംസ്ഥാനത്തെ പിടിച്ചുലച്ച പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സഖാവ് ടിങ്കിൾ വ്യാപൃതയായി. ഒരു കവയത്രികൂടിയായ സഖാവ് ടിങ്കിൾ ബാനർ സാംസ്കാരിക സമിതിയുടെ കൂട്ടായ്മകളിൽ സജീവ സാന്നിദ്ധ്യമാണ്. ■

# ബിനു ബേബി

**പത്തനംതിട്ട**



**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) പത്തനംതിട്ട ജില്ലാകമ്മിറ്റിയംഗവും ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ) സംസ്ഥാന പ്രസിഡന്റുമായ സഖാവ് ബിനു ബേബിയാണ് പത്തനംതിട്ട പാർലമെന്റ് നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥി. മാവേലിക്കര രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ബിനു ബേബി എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനാകുന്നത്. അറിയപ്പെടുന്ന ചിത്രകാരനും ചിത്രകലാ അദ്ധ്യാപകനുമായ ബിനു ബേബി പത്തനംതിട്ടയിലെ രാഷ്ട്രീയ സാംസ്കാരിക ബഹുജനസമരരംഗങ്ങളിലെ സജീവസാന്നിദ്ധ്യമാണ്.

ഡിപിഇപി, എസ്എസ്എ, റൂസ തുടങ്ങിയ ലോകബാങ്ക് വിദ്യാഭ്യാസ പദ്ധതികൾക്കെതിരെ നടന്ന വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾ, വിദ്യാഭ്യാസ കച്ചവടത്തിനെതിരെ നടന്ന നിരവധിയായ സമരങ്ങൾ, ജിഷ്ണു പ്രണോയിയുടെ കൊലപാതകത്തിനെതിരെ നടന്ന വീറുറ്റ വിദ്യാർത്ഥി പ്രക്ഷോഭം, എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ സമരം തുടങ്ങി എണ്ണമറ്റ വിദ്യാഭ്യാസ പ്രക്ഷോഭണങ്ങൾക്ക് ബിനു ബേബി നേതൃത്വം നൽകി. ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും സമരസംഘടനയായ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ സംസ്ഥാനകമ്മിറ്റി അംഗം, ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കമ്മിറ്റിയംഗം എന്നീ ചുമതലകൾ നിർവ്വഹിച്ചു വരുന്നു.

പൊന്തൻപുഴ വലിയകാവ് വന സംരക്ഷണ പട്ടയ സമര സമിതിയുടെ നേതൃത്വത്തിൽ പൊന്തൻപുഴയിൽ നടക്കുന്ന സമരം, ആറൻമുളയിലെ മിച്ചഭൂമി സമരം എന്നിവയിലും സജീവ സാന്നിദ്ധ്യമാണ്. പ്രളയ ദുരിതകാലത്തെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിലും ജില്ലയിലെ നഴ്സുമാർ നടത്തിയ വിജയം വരിച്ച സമരങ്ങളിലും ജില്ലയിൽ നടന്ന നിരവധി കുടിവെള്ള സമരങ്ങളിലും സജീവമായി ഇടപെട്ടു. സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് കലാവിദ്യാർത്ഥികൾ നടത്തിയ സമരത്തിൽ മുൻനിരയിൽനിന്ന് പ്രവർത്തിച്ചു സഖാവ് ബിനു ബേബി. ■




**കിടപ്പാടം നഷ്ടപ്പെടുന്ന പൊന്തൻപുഴ നിവാസികൾ വനഭൂമി സംരക്ഷിക്കുന്നതിനായി നടത്തുന്ന സമരത്തിന് ഐക്യദാർഢ്യവുമായി സഖാവ് ബിനു ബേബിയുടെ നേതൃത്വത്തിൽ എസ്‌യുസിഐ(സി) പ്രവർത്തകർ**

# കെ. ബിമൽജി

**മാവേലിക്കര**

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗവും ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ-എഐഡിവൈഒയുടെ സംസ്ഥാന കമ്മിറ്റിയംഗവുമായ സ



ഖാവ് കെ.ബിമൽജിയാണ് മാവേലിക്കര മണ്ഡലത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി.

പരുമല ദേവസ്വംബോർഡ് കോളജിൽ ഡിഗ്രി വിദ്യാർത്ഥിയായിരിക്കുമ്പോൾ, വിദ്യാർത്ഥി പ്രസ്ഥാനമായ എഐഡിഎസ്ഒയിലൂടെയാണ് ബിമൽജി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി ബന്ധപ്പെടുന്നത്. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളിൽ വിദ്യാർത്ഥികളെ അണിനിരത്തിക്കൊണ്ട് നിരവധി പ്രക്ഷോഭങ്ങൾക്ക് ബിമൽജി നേതൃത്വം നൽകി. ഡിപിഇപി വിരുദ്ധ സമരം,



ചെങ്ങന്നൂർ-തോട്ടിയാട് ബിവറേജസ് ഔട്ട്‌ലെറ്റിനെതിരെ നടന്ന വിജയം വരിച്ച സമരത്തിൽ പ്രവർത്തകരോടൊപ്പം സഖാവ് കെ.ബിമൽജി

പാരലൽ വിദ്യാർത്ഥികളുടെ അവകാശ സമരം തുടങ്ങിയവ ഇതിൽ ചില തുമാത്രമാണ്. എഐഡിഎസ്ഒയുടെ ജില്ലാനേതൃനിരയിലേയ്ക്ക് ഉയർന്നുവന്ന ബിമൽജി ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നീ ഉത്തരവാദിത്തങ്ങളും ഏറ്റെടുത്തു. എഐഡിഎസ്ഒയുടെ സംസ്ഥാന കമ്മിറ്റിയംഗമായും സഖാവ് ബിമൽജി പ്രവർത്തിച്ചു. തൊഴിലില്ലായ്മയ്ക്കും സാംസ്കാരികതകർച്ചയ്ക്കുമെതിരെ യുവജനങ്ങൾക്കിടയിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്നു.

ആലപ്പുഴയുടെ തീരത്തുനടന്ന കരിമണൽ ഖനന വിരുദ്ധസമരം, ജില്ലയിലെ മദ്യവിരുദ്ധ സമരങ്ങൾ എന്നിവയിലെല്ലാം ബിമൽജി നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തെ ഒന്നാകെ വിഴുങ്ങിയ മഹാപ്രളയകാലത്ത് ബിമൽജിയും സഖാക്കളും ചെങ്ങന്നൂർ, പാണ്ടനാട്, മാന്നാർ പ്രദേശങ്ങളിൽ സജീവമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. പ്രളയബാധിത പ്രദേശങ്ങളിൽ നിരവധി സൗജന്യമെഡിക്കൽ ക്യാമ്പുകൾക്കും അദ്ദേഹം നേതൃത്വം നൽകി. കവിയും സാംസ്കാരിക പ്രവർത്തകനും, തന്റെ പൊതുപ്രവർത്തനത്തിലൂടെ ജനങ്ങളോടും ജനകീയ പ്രശ്നങ്ങളോടുമുള്ള കൂറും ആത്മാർത്ഥതയും തെളിയിച്ചിട്ടുള്ള വ്യക്തിത്വവുമാണ് സഖാവ് കെ.ബിമൽജി. ■

# ആർ. പാർത്ഥസാരഥി വർമ്മ

**ആലപ്പുഴ**



സഖാവ് ആർ. പാർത്ഥസാരഥി വർമ്മയാണ് ആലപ്പുഴ പാർലമെന്റ് മണ്ഡലത്തിലെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി. മാവേലിക്കര രവിവർമ്മ കോളജ് ഓഫ് ഫൈൻ ആർട്സിൽ വിദ്യാർത്ഥിയായിരിക്കവേയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയായ എഐഡിഎസ്ഒയുമായി സഖാവ് ആർ.പാർത്ഥസാരഥി വർമ്മ ബന്ധപ്പെടുന്നത്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആശയാദർശങ്ങളിൽ ആകൃഷ്ടനായി പാർട്ടിയുടെ സജീവസംഘാടകനായി മാറിയ സഖാവ് വർമ്മ, കലാവിദ്യാർത്ഥി സമരം, ഡിപിഇപി വിരുദ്ധ പ്രക്ഷോഭണം, നിരവധിയായ മദ്യവിരുദ്ധ സമരങ്ങൾ തുടങ്ങി ജില്ലയിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്ന എണ്ണമറ്റ ജനകീയ പ്രക്ഷോഭണങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ചു.

ആലപ്പുഴയുടെ തീരത്ത് കരിമണൽ ഖനനത്തിനെതിരെ നടന്ന വിജയംവരിച്ച സമരത്തിൽ, ആ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ 'കരിമണൽ ഖനന വിരുദ്ധ ജനകീയ സമരസമിതി'യുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. നാടിനെ നടുക്കിയ പ്രളയദുരന്തത്തിന്റെ സമയത്ത് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. ചിത്രകാരൻ, എഴുത്തുകാരൻ, വാഗ്മി എന്നീ നിലകളിലെല്ലാമുള്ള തന്റെ കഴിവുകളെ പൂർണ്ണമായും സാമൂഹ്യ മുന്നേറ്റത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.

വിഖ്യാത ചിത്രകാരൻ രാജാ രവിവർമ്മയുടെ കുടുംബാംഗമായ പാർത്ഥസാരഥി വർമ്മ ചിത്രകലയെ ജനകീയമാക്കുന്നതിനും ബഹുജനപ്രക്ഷോഭണങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധിയാക്കുന്നതിനും പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി സംഘചിത്രരചനകളും തെരുവു ചിത്രപ്രദർശനങ്ങളും സംഘടിപ്പിച്ചുവരുന്നു. മഹാനായ അയ്യൻകാളി നയിച്ച കാർഷിക പ




ആലപ്പാട് കരിമണൽ ഖനന വിരുദ്ധ സമരമുഖത്ത് ജനകീയ പ്രതിരോധ സമിതിയുടെ ഐക്യദാർഢ്യവുമായി സഖാവ് ആർ.പാർത്ഥസാരഥി വർമ്മ

ണിമുടക്കിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് രൂപീകൃതമായ സമിതിയുടെ സംസ്ഥാനതല സംഘാടകനായി പ്രവർത്തിച്ചു. 'അയ്യൻകാളിയും കേരള നവോത്ഥാനവും' എന്ന ഗ്രന്ഥത്തിന്റെ രചയിതാക്കളിലൊരാളാണ്. ബാനർ സാംസ്കാരിക സമിതി, ബാനർ ഫിലിം സൊസൈറ്റി, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി എന്നീ സംഘടനകളുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ജീവിതംകൊണ്ട് സാമൂഹ്യപ്രതിബദ്ധത തെളിയിക്കുകയും സദാ ജനങ്ങളോടൊപ്പം നിലകൊള്ളുകയും ചെയ്യുന്നു സഖാവ് ആർ.പാർത്ഥസാരഥി വർമ്മ. ■

# ഇ.വി.പ്രകാശ്

**കോട്ടയം**



**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ കമ്മിറ്റിയംഗവും ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ-എഐഡിവൈഒയുടെ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഇ.വി.പ്രകാശാണ് കോട്ടയം മണ്ഡലത്തിൽ മത്സരിക്കുന്നത്.

ജനകീയ പ്രക്ഷോഭ രംഗത്തെ സജീവസാന്നിദ്ധ്യമാണ് സഖാവ് ഇ.വി. പ്രകാശ്. വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സമരസംഘടനയായ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷ(ഐഎൻപിഎ)ന്റെ കോട്ടയം ജില്ലാ സെക്രട്ടറിയാണ് സഖാവ് പ്രകാശ്. ഭാരത് ആശുപത്രിയിലെ നഴ്സുമാർ യുഎൻഎയുടെ നേതൃത്വത്തിൽ നടത്തിയ 111 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ സമരത്തിൽ സമര സഹായ സമിതിക്ക് നേതൃത്വം നൽകി നിർണ്ണായകമായ പങ്കുവഹിച്ചുകൊണ്ട് അവർക്കൊപ്പം അടിയുറച്ച് നിലകൊണ്ടു സഖാവ് ഇ.വി.പ്രകാശ്. മറ്റക്കര ടോംസ് എഞ്ചിനീയറിംഗ് കോളേജിൽ മാനേജ്മെന്റിന്റെ പീഡനങ്ങൾക്കെതിരായി വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രതിഷേധിച്ചപ്പോൾ, അതിനെ സുശക്തവും കേന്ദ്രീകൃതവുമായ ആക്ഷൻ കൗൺസിലിന്റെ കീഴിലെ പ്രക്ഷോഭമാക്കി മാറ്റിയത് ഇ.വി.പ്രകാശിന്റെ ശ്രമങ്ങളാണ്. 8 മാസത്തോളം നീണ്ടുനിന്ന ഈ പ്രക്ഷോഭത്തിലും ആക്ഷൻ കൗൺസിൽ കൺവീനർ എന്ന നിലയിൽ വിജയം വരെ സഖാവ് ഇ.വി.പ്രകാശ് ഉണ്ടായിരുന്നു. ഇങ്ങനെ കോട്ടയം ജില്ലയിൽ നടന്ന ചെറുതും വലുതുമായ ഒട്ടനവധി പ്രക്ഷോഭങ്ങളുടെ സംഘാടകനും അമരക്കാരനുമായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റി ജില്ലാ കൺവീനർ എന്നീ നിലകളിലും സഖാവ് ഇ.വി.പ്രകാശ് പ്രവർത്തിച്ചുവരുന്നു. ശ്രദ്ധേയനായ ഒരു നാടക പ്രവർത്തകനുംകൂടെയായ ഇ.വി.പ്രകാശ് കോട്ടയത്തെ കലാ-സാംസ്ക്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമാണ്.

കേരളത്തെ ഒന്നാകെ വിഴുങ്ങിയ മഹാപ്രളയകാലത്ത് പ്രകാശും സഖാക്കളും തിരുവാർപ്പ് പ്രദേശത്ത് നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏവരുടെയും ആദരവ് നേടുകയുണ്ടായി. ജനങ്ങളോടും അവരുടെ പ്രശ്നങ്ങളോടുമുള്ള കൂറും ആത്മാർത്ഥതയും ഇതിനകംതന്നെ തെളിയിച്ചിട്ടുള്ള സഖാവ് ഇ.വി.പ്രകാശാണ് കോട്ടയം പാർലമെന്റ് മണ്ഡലത്തെ പ്രതിനിധീകരിക്കുവാൻ സർവ്വഥാ യോഗ്യൻ. ■




**കോട്ടയം ഭാരത് ഹോസ്പിറ്റൽ നഴ്സുമാരുടെ വിജയംവരിച്ച സമരത്തിന് ഉറച്ച പിന്തുണയുമായി സഖാവ് ഇ.വി.പ്രകാശ്**

ണ് സഖാവ് പ്രകാശ്. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന കമ്മിറ്റി അംഗം, ദിശ സാംസ്കാരിക വേദിയുടെ സെക്രട്ടറി, ബാനർ സാംസ്കാരിക സമിതി സംസ്ഥാന സമിതി അംഗം, കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമര സമിതി കോട്ടയം ജില്ലാ സെക്രട്ടറി, മഹാ

# അഡ്വ. സുജ ആന്റണി

**ചാലക്കുടി**



**ചാ**ലക്കുടി ലോക്സഭാ മണ്ഡലത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥിയായി സഖാവ് സുജ ആന്റണിയാണ് മത്സരിക്കുന്നത്. പാർട്ടി തൃശൂർ ജില്ലാ കമ്മിറ്റിയംഗമായ അഡ്വ. സുജ ആന്റണി കൊടുങ്ങല്ലൂർ സ്വദേശിനിയാണ്. എറണാകുളം മഹാരാജാസ് കോളേജിൽ എഐഡിഎസ്ഒയുടെ പ്രവർത്തനത്തിലൂടെ 1998ൽ രാഷ്ട്രീയരംഗത്തെത്തി. പിന്നീട് കോതമംഗലം എം.എ കോളേജിൽനിന്ന് ബിരുദവും ബിരുദാനന്ത



**ദേശീയ പാതകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ കുടിയൊപ്പിക്കപ്പെടുന്നവർ നടത്തുന്ന നിരന്തര പോരാട്ടത്തോടൊപ്പം അഡ്വ.സുജ ആന്റണി**

ര ബിരുദവുമെടുത്തു. ബി.എഡിനു ശേഷം 6 വർഷം അദ്ധ്യാപികയായി ജോലി ചെയ്തു. പിന്നീട് തൃശ്ശൂർ ലോ കോളേജിൽനിന്ന് എൽഎൽബി പൂർത്തിയാക്കി. ഇരിങ്ങാലക്കുട കോടതിയിൽ അഭിഭാഷകയായി പ്രവർത്തിച്ചുകൊണ്ടുതന്നെ വൈവിധ്യമാർന്ന സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് സ്വയം സമർപ്പിച്ചിരിക്കുന്ന ആളാണ് സഖാവ് സുജ.

കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളി നിവാസികളുടെ സമരത്തോടൊപ്പവും ചെങ്ങറ സമരത്തിന്റെ ഐക്യദാർഢ്യ പ്രവർത്തനത്തിലും സജീവമായി പ്രവർത്തിച്ച സഖാവ് സുജ ആന്റണി അൺ എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെയും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും അവകാശ പോരാട്ടങ്ങളിലും ദേശീയപാത സമരത്തിലും നേതൃത്വപരമായ പങ്ക് വഹിക്കുന്നു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ തൃശ്ശൂർ ജില്ലാ സെക്രട്ടറിയും സംസ്ഥാന സമിതിയംഗവും സ്ത്രീസുരക്ഷ സമിതി സംസ്ഥാന ലീഗൽ സെൽ അംഗവും മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ജോയിന്റ് സെക്രട്ടറിയുമാണ്സഖാവ് സുജ. കഴിഞ്ഞ ആഗസ്റ്റിലെ പ്രളയം അതിരൂക്ഷമായി ബാധിച്ച കൊടുങ്ങല്ലൂരിലും ചാലക്കുടിയിലും ദുരിതാശ്വാസപ്രവർത്തനങ്ങളുടെ മുൻനിരയിൽ പ്രവർത്തിച്ചു. ഇപ്പോൾ, അഴീക്കോട്-മുനമ്പം ജങ്കാർ സമരത്തിലും സജീവ പങ്ക് വഹിക്കുന്നു. മികച്ച ഗായിക കൂടിയായ സഖാവ് സുജ കൊടുങ്ങല്ലൂർ ജനകീയ സംഗീത കൂട്ടായ്മയിലെ സജീവാംഗമാണ്. പ്രചോദന നടത്തുന്ന കുട്ടികളുടെ ക്യാമ്പുകളിൽ സംഗീത അദ്ധ്യാപികയായി കഴിഞ്ഞ പത്ത് വർഷമായി പ്രവർത്തിച്ചുവരുന്നു. ■

# എ. ശേഖർ

**കോഴിക്കോട്**



കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥിയായി സഖാവ് എ.ശേഖർ മത്സരിക്കുന്നു. കഴിഞ്ഞ നാലു ദശാബ്ദത്തിലേറെയായി കോഴിക്കോട് ജില്ലയിൽ എസ്‌യുസിഐ(സി) കെട്ടിപ്പടുക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന സഖാവ് ശേഖർ, എസ്‌യുസിഐ(സി)യുടെ സംസ്ഥാന കമ്മിറ്റി അംഗവും കോഴിക്കോട് ജില്ലാ സെക്രട്ടറിയുമാണ്.

പാർട്ടി മുൻകൈ എടുത്ത് അഖിലേന്ത്യാ തലത്തിൽ രൂപീകരിച്ചിട്ടുള്ള സാമ്രാജ്യത്വ-വിരുദ്ധ വേദിയുടെ സംസ്ഥാന നേതാക്കളിൽ ഒരാളുമാണ് സഖാവ് ശേഖർ. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപം കൊണ്ട കേരളസംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറി, സ്ത്രീ സുരക്ഷാ സമിതിയുടെ രക്ഷാധികാരി, പെട്രോളിയം വിലവർദ്ധന-വിരുദ്ധ സമിതിയുടെ കൺവീനർ എന്നീ നിലകളിൽ കക്ഷിരാഷ്ട്രീയഭേദമെന്യേ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിൽ സഖാവ് ശേഖർ വ്യാപൃതനായിരിക്കുന്നു. എസ്‌യുസിഐ(സി)യുടെ മുൻകൈയിൽ സംഘടിപ്പിച്ചിട്ടുള്ള സേവ് എജുക്കേഷൻ കമ്മിറ്റി, പൊതുവിദ്യാഭ്യാസ സംരക്ഷണസമിതി, ചെങ്ങോട്ടുമല സംരക്ഷണ സമിതി എന്നിവയുടെ പ്രവർത്തനങ്ങളിലും സഖാവ് ശേഖർ സജീവമാണ്. ■




**പുതിയ ഖനന നിയമത്തിനെതിരെ സഹ്യപർവ്വത സംരക്ഷണ സമിതി നടത്തിയ പ്രക്ഷോഭവേദിയിൽ സഖാവ് എ.ശേഖർ**

# അഡ്വ. ആർ. അപർണ

**കണ്ണൂർ**



കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർഥിയായി അഡ്വ. ആർ. അപർണ മത്സരിക്കുന്നു. പാർട്ടിയുടെ വിദ്യാർത്ഥി സംഘടന എഐഡിഎസ്ഒയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, സ്ത്രീ സുരക്ഷാ സമിതി ലീഗൽ സെൽ അംഗം, ആൾ ഇന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൗൺസിൽ അംഗം, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന കൗൺസിൽ അംഗം, കേരളാ അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

സമീപകാലത്ത് നടന്ന സ്വാശ്രയ വിരുദ്ധ വിദ്യാർത്ഥി സമരങ്ങളുടെ മുൻനിര സംഘാടകയായിരുന്നു സഖാവ് അപർണ. എൻജിനീയറിംഗ് വിദ്യാർഥികൾ കേരള സാങ്കേതിക സർവകലാശാലയുടെ വിദ്യാർത്ഥി വിരുദ്ധ നടപടികൾക്കും 'ഇയർ ബാക്കി'നുമെതിരെ നടത്തിയ ഐതിഹാസിക സമരത്തിന്റെ സംസ്ഥാന കോ-ഓർഡിനേറ്ററും കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിദ്യാർത്ഥി വഞ്ചനക്കെതിരെ ടെക്നിക്കൽ വിദ്യാർഥികൾ നടത്തിയ സമരത്തിന്റെയും ജിഷ്ണു പ്രണോയ്ക്ക് നീതി ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ പ്രക്ഷോഭണങ്ങളുടെയും പ്രമുഖ സംഘാടകയുമായിരുന്നു.

എസ്‌യുസിഐ(കമ്യൂണിസ്റ്റ്) പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകയും കണ്ണൂർ ബാർ അസോസിയേഷനിലെ അഭിഭാഷകയുമാണ്. ■




**എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ വീറുറ്റ പ്രക്ഷോഭം നയിച്ചുകൊണ്ട് അഡ്വ.ആർ.അപർണ**

# ഇടതുപക്ഷ ഐക്യമുന്നണി(LUF) നിലവിലില്ല

ആർഎംപി, എംസിപിഐ(യു), എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എന്നീ പാർട്ടികൾ ചേർന്ന് രൂപീകരിച്ച ഇടതുപക്ഷ ഐക്യമുന്നണി (എൽയുഎഫ്) നിലവിലില്ലെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും എൽയുഎഫ് സംസ്ഥാന കൺവീനറുമായ സഖാവ് വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ അറിയിച്ചു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ജനസമരങ്ങൾ വളർത്തിയെടുക്കാനുള്ള ഒരു സമരമുന്നണിയെന്ന നിലയിലാണ് ഇടതുപക്ഷ ഐക്യമുന്നണി രൂപീകരിച്ചത്. കഴിഞ്ഞ പാർലമെന്റ്, അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ജനസമരത്തിന്റെ രാഷ്ട്രീയം എന്ന നയത്തിന് ഊന്നൽ നൽകിക്കൊണ്ട് മുന്നണി മത്സരിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സംസ്ഥാന വ്യാപകമായി നിരവധി സമരപരിപാടികൾ മുന്നണിയുടെ നേതൃത്വത്തിൽ നടത്തുകയുമുണ്ടായി. എന്നാൽ തുടർന്ന് ആർഎംപിക്കും എംസിപിഐ(യു)വിനും ഈ മുന്നണി പ്രവർത്തനത്തിൽ സജീവമായി നിലനിൽക്കാനുള്ള സംഘടനാപരമായ സാഹചര്യം ഇല്ലാതായതിനാൽ എൽയുഎഫ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനരഹിതമാണ്. എംസിപിഐ(യു) രണ്ടു വിഭാഗങ്ങളായി മാറി. ആർഎംപി ആകട്ടെ, ഇപ്പോൾ വടകരയിൽ യുഡിഎഫിന് അനുകൂലമായ നിലപാടെടുക്കുകയും ചെയ്തു. ഇതൊക്കെ കാരണം എൽയുഎഫിന് ഒരു മുന്നണിയെന്ന നിലയിൽ നിലനിൽക്കാനുള്ള സാഹചര്യം ഇന്ന് ഇല്ലാതായിരിക്കുന്നു. എസ്‌യുസിഐ(സി) സ്വന്തം നിലയിൽ കേരളത്തിലെ 9 മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് പ്രചാരണപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളത് ഈ സാഹചര്യത്തിലാണ്.

ആഗോളവൽക്കരണത്തിന്റെ നവലിബറൽ നയങ്ങൾക്കെതിരെ യോജിച്ച പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം ശക്തമായി അവതരിപ്പിച്ചുകൊണ്ടാണ് എസ്‌യുസിഐ(സി) തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. അടിയുറച്ച ഇടതുപക്ഷ നിലപാട് സ്വീകരിക്കുവാൻ തയ്യാറാകുന്ന പ്രസ്ഥാനങ്ങളുമായി ചേർന്നുകൊണ്ടുള്ള സമരമുന്നണിയ്ക്കായുള്ള പരിശ്രമങ്ങൾ എസ്‌യുസിഐ (സി) ഇനിയും തുടരുന്നതാണ്. ■

*Date of publishing 01/04/2019*
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

**UNITY** MALAYALAM MONTHLY

**April 2019**
Vol.46 No.1
Price : Rs 10.00

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക



**എസ്. മിനി**
തിരുവനന്തപുരം



**ട്വിങ്കിൾ പ്രഭാകരൻ**
കൊല്ലം



**ബിനു ബേബി**
പത്തനംതിട്ട



**കെ. ബിമൽജി**
മാവേലിക്കര



**ആർ. പാർത്ഥസാരഥി വർമ്മ**
ആലപ്പുഴ



**ഇ. വി. പ്രകാശ്**
കോട്ടയം



**അഡ്വ. സുജ ആന്റണി**
ചാലക്കുടി



**എ. ശേഖർ**
കോഴിക്കോട്



**അഡ്വ. ആർ. അപർണ**
കണ്ണൂർ

Edited, Printed & Published by V.Venugopal, SUCI(C) Office, T.C.12/1242, Law College Jn, Kunnukuzhy, Trivandrum-695 035.
*Ph:* 0471-2307151; *E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org**
on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.